# താമരമൊട്ടുകൾ

വാല്യം 26 | നവംബർ 2024 | ലക്കം 11 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme

## November 2024

| | | |
|---|---|---|
| 01 - 04 | | Gorakhpur |
| 05 | 06.30 | Thamarassery |
| | 12.00 | Oorakam |
| | 18.00 | Peruvannamoozhi |
| 06 | 09.15 | Passukkadavu |
| | 18.00 | Karingad |
| 07 | 08.30 | Paroppady |
| | 11.00 | Thamarassery |
| | 16.00 | Malaparambu |
| 08 | | PMOC |
| 09 | 06.30 | Chakkittapara |
| | 10.30 | Thamarassery |
| | 15.00 | Ashokapuram |
| 10 | | Ashokapuram |
| | 15.00 | Kannur |
| 11 | 06.30 | Thamarassery |
| | 11.00 | Oravumpuram |
| 12 - 13 | | Changanachery |
| 14 | 07.00 | Therthally |
| | 10.30 | Chanakakundu |
| | 18.00 | Kadalundy |
| 15 | | Office Day |
| | 15.00 | Pushpagiri |

| | | |
|---|---|---|
| 16 | 10.00 | East Hill |
| | 11.30 | Paroppady |
| | 16.00 | PMOC |
| | 22.00 | Pulloorampara |
| 17 | 07.00 | Pushpagiri |
| | 17.00 | Malappuram |
| 18 | 10.00 | Pookkottumpadam |
| 18 - 20 | | PMOC |
| 21 | 06.30 | Malaparambu |
| | 10.00 | Erude |
| 22 | 10.00 | Kadalundy |
| | 16.00 | Korangad |
| 23 | 07.00 | Nenmeni |
| | 17.00 | Eranakulam |
| 24 | | Muthukad |
| | 17.00 | Koombara |
| 25 | 10.00 | Panthallur |
| | 18.00 | Karimbu |
| 26 | | Office Day |
| 27 | 10.00 | Mullankolly |
| 28 | 07.00 | Vettilappara |
| | 10.30 | Marikunnu |
| | 18.00 | Thamarassery |
| 29 - 30 | | Engaged |

വാല്യം 26 താമരമൊട്ടുകൾ നവംബർ 2024 ലക്കം 11

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"ദൈവകരുണയുടെ ഫലങ്ങൾ എണ്ണമറ്റതാണ്"

(വി. ചാൾസ് ബൊറോമെയോ)



പുതിയ കർദ്ദിനാളായി
നാമനിർദ്ദേശം ചെയ്യപ്പെട്ട
മാർ ജോർജ്ജ് കൂവക്കാട് പിതാവിന്
താമരശ്ശേരി രൂപതയുടെ
ആശംസകൾ...
ചങ്ങനാശ്ശേരി അതിരൂപതയുടെ
പുതിയ ആർച്ച് ബിഷപ്പ്
മാർ തോമസ് തറയിൽ
പിതാവിന്
താമരശ്ശേരി രൂപതയുടെ
ആശംസകൾ...

ഷംഷാബാദ് രൂപതയുടെ
പുതിയ ഇടയൻ
മാർ ആന്റണി പ്രിൻസ്
പാണേങ്ങാടൻ പിതാവിന്
താമരശ്ശേരി രൂപതയുടെ
ആശംസകൾ...



കണ്ണൂർ രൂപതയുടെ
സഹായ മെത്രാനായി
നിയുക്തനായിരിക്കുന്ന
മോൺ. ഡെന്നീസ്
കുറുപ്പശ്ശേരിക്ക്
താമരശ്ശേരി
രൂപതയുടെ
ആശംസകൾ...



# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 787 |
| 2. | പ്രോഗ്രാം നവംബർ 2024 | 788 |
| 3. | കച്ചേരിക്കാര്യം | 789 |
| 4. | വിശുദ്ധനാട് തീർത്ഥയാത്ര ജനകീയമാക്കിയ നല്ലിടയൻ നിത്യനഗരിയിലെ വിശുദ്ധസ്ഥലം സ്വന്തമാക്കി | 792 |
| 5. | പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് | 796 |
| 6. | രൂപത ഡിജിറ്റലൈസേഷൻ | 801 |
| 7. | വിശ്വാസപരിശീലനം | 804 |
| 8. | വൊക്കേഷൻ ബ്യൂറോ | 807 |
| 9. | മദ്ബഹ ശുശ്രൂഷ സംഘം | 808 |
| 10. | ബൈബിൾ അപ്പോസ്തൊലേറ്റ് | 809 |
| 11. | സെമിനാരി വാർത്ത | 810 |
| 12. | ചെറുപുഷ്പ മിഷൻലീഗ് | 812 |
| 13. | വിദ്യാഭ്യാസരംഗം | 815 |
| 14. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 816 |
| 15. | പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് | 818 |
| 16. | ആൽഫ മരിയ അക്കാദമി | 825 |
| 17. | സ്റ്റാർട്ട് | 820 |
| 18. | എയ്ഡർ എഡ്യൂകെയർ | 821 |
| 19. | ഫാമിലി അപ്പോസ്തോലേറ്റ് | 822 |
| 20. | കരുണാഭവൻ | 822 |
| 21. | കുടുംബകൂട്ടായ്മ | 822 |
| 22. | പാലിയേറ്റീവ് & ജെറിയാട്രിക് കെയർ | 824 |
| 23. | കെസിവൈഎം-എസ്എംവൈഎം | 825 |
| 24. | മദ്യവിരുദ്ധ സമിതി | 827 |
| 25. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 829 |
| 26. | കമ്മ്യൂണിക്കേഷൻ മീഡിയ | 830 |
| 27. | കരിസ്മാറ്റിക് മൂവ്മെന്റ് | 831 |
| 28. | ജീസസ്സ്‌യൂത്ത് | 832 |
| 29. | ബഥാനിയ ധ്യാനകേന്ദ്രം | 832 |
| 30. | ലീഡർഷിപ്പ് ഡെവലപ്പ്മെന്റ് സൊസൈറ്റി | 836 |
| 31. | വികസനവേദി | 837 |
| 32. | യേശുനിധി | 839 |

# BIRTH DAY Greetings

Rev. Fathers

| | | |
|---|---|---|
| Kalapurackal Thomas | November | 4 |
| Muringayil Sebastian | | 4 |
| Thevadiyil Thomas | | 8 |
| Vallikunnel James | | 8 |
| Embrayil Sebastian (Sr.) | | 11 |
| Panamattamparambil Sebastian | | 12 |
| Poovathinkal Paul | | 12 |
| Kiliyanparambil Joseph | | 13 |
| Koramkottu Mathew | | 14 |
| Puthenveettil Kurakose | | 15 |
| Pulimoottil Mathew (Sr.) | | 17 |
| Kalariparambil John | | 20 |
| Chundayil Joseph | | 20 |
| Kavalakatt Sebastian | | 21 |
| Poriath Thomas | | 22 |
| Kavil Rony Paul | | 28 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Mangarayil Scaria | November | 5 |
| Nedumala Zacharias | | 5 |
| Ponganpara Cheriyan | | 5 |
| Thundathil Scaria | | 5 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം നവംബർ 2024

| | | |
|---|---|---|
| 01 | വെള്ളി | **സകല വിശുദ്ധരുടെയും തിരുന്നാൾ** |
| 02 | ശനി | **സകല മരിച്ചവരുടെയും ഓർമ്മ** |
| 04 | തിങ്കൾ | വി. ചാൾസ് ബൊറോമെയോ |
| 05 | ചൊവ്വ | വി. സഖറിയായും, വി. ഏലീശ്വായും |
| 09 | ശനി | പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ് |
| 11 | തിങ്കൾ | ചരമദിനം : ഫാ. ഫിലിപ്പ് കണക്കഞ്ചേരി (2004) |
| 18 | തിങ്കൾ | വൈദിക സെമിനാർ (18–21) |
| 21 | വ്യാഴം | മാർ തോമാശ്ലീഹായുടെ ഭാരതപ്രവേശനം |
| 24 | ഞായർ | **മിശിഹായുടെ രാജത്വത്തിരുന്നാൾ** |
| | | ചരമദിനം : ഫാ. അഗസ്റ്റിൻ പന്നിക്കോട്ട് (2011) |
| 30 | ശനി | അന്ത്രയോസ് ശ്ലീഹ |

# കച്ചേരിക്കാര്യം

**1. New appointments**

Rev. Frs.

| | | |
|---|---|---|
| George Purayidathil | - | Secretary to the Bishop (Adl.) |
| Peter Poothermannil | - | CML & SMART Mekhala Director- Malappuram |

**2. പാസ്റ്ററൽ കൗൺസിൽ സമ്മേളനം**

12-ാമത് പാസ്റ്ററൽ കൗൺസിലിന്റെ 3 -ാമത് സമ്മേളനം 2024 നവംബർ 9-ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് താമരശ്ശേരി രൂപതാഭവനിലെ ഓഡിറ്റോറിയത്തിൽ ക്രമീകരിച്ചിരിക്കുന്നു. ബഹു. അംഗങ്ങളെല്ലാവരും യോഗത്തിൽ സംബന്ധിക്കേണ്ടതാണ്.

**3. ക്ലർജി സെമിനാർ**

ഈ വർഷത്തെ ക്ലർജി സെമിനാർ പി.എം.ഒ.സി.യിൽ വച്ച് 2024 നവംബർ 18-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിക്കുന്നതും 20-ാം തീയതി ബുധനാഴ്ച വൈകിട്ട് സമാപിക്കുന്നതുമാണ്. സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ബഹു. ഡയറക്ടറച്ചന്മാർ പ്രവർത്തന റിപ്പോർട്ടും സാമ്പത്തിക റിപ്പോർട്ടും തയ്യാറാക്കേണ്ടതാണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. എല്ലാ വൈദികരും സെമിനാറിൽ മുഴുവൻ സമയവും പങ്കെടുക്കേണ്ടതാണ്.

ഫാ. മാത്യു പുള്ളോലിക്കൽ അച്ചന്റെ പൗരോഹിത്യ സുവർ ണ്ണജൂബിലിയും ഫാ. ജോസ് കരോട്ടുഴുന്നാലിൽ, ഫാ. ജോൺസൺ നന്ദളത്ത്, ഫാ. മാത്യു നിരപ്പേൽ, ഫാ. ജോസഫ് തുരുത്തിയിൽ എന്നിവരുടെ പൗരോഹിത്യ രജതജൂബിലിയും വൈദിക സെമിനാറിനോടനുബന്ധിച്ച് ആഘോഷിക്കുന്നതാണ്.

**4. അഭിനന്ദനങ്ങൾ**

ശാലോം മീഡിയ അമേരിക്കയുടെ മിഷനറി ഫോർമേഷന്റെ ഡയറക്ടറായി നിയമിതനായ **ബഹു. ജെയിംസ് കിളിയനാനിക്കൽ അച്ചന്** രൂപതയുടെ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**ബഹു. സെബാസ്റ്റ്യൻ പുതിയാപറമ്പിൽ** അച്ചൻ ഇറാനിലെ അപ്പസ്തോലിക് ന്യൂൺഷ്യേച്ചറിൽ പ്രഥമ സെക്രട്ടറിയായി നിയമിതനായിരിക്കുന്നു. അച്ചന്റെ പുതിയ ശുശ്രൂഷയ്ക്ക് രൂപതയുടെ എല്ലാവിധ ആശംസകളും അഭിനന്ദനങ്ങളും നേരുന്നു.

പാരീസിലെ ലെയോള ഫാക്കൽറ്റിയിൽ നിന്ന് പോസ്റ്റ് ഡോക്ടറേറ്റ് കരസ്ഥമാക്കിയ **ബഹു. ഡോ. ജെയിംസ് കിളിയാനാനിയിൽ** അച്ചന് അഭിനന്ദനങ്ങൾ നേരുന്നു.

കാറ്റിക്കിസം ആന്റ് പാസ്റ്ററൽ തിയോളജി വിഷയത്തിൽ ഡോക്ടറേറ്റ് പഠനം ആരംഭിച്ചിരിക്കുന്ന **ബഹു. സെബാസ്റ്റ്യൻ കാരക്കൽ** അച്ചന് എല്ലാവിധ ആശംസകളും നേരുന്നു. അച്ചന്റെ പുതിയ മേൽവിലാസം:

Père Jeffy Peter
Missions Étrangères de Paris
128, Rue du Bac, Pais - 75007

**ബഹു. ചാക്കോ കോതാനിക്കൽ** അച്ചൻ ഇറ്റലിയിലെ സിസിലിയ പൊന്തിഫിക്കൽ ഫാക്കൽറ്റി ഓഫ് തിയോളജിയിൽ അജപാലന ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് പഠനം ആരംഭിച്ചിരിക്കുന്നു. അച്ചന് എല്ലാവിധ ആശംസകളും നേരുന്നു. അച്ചന്റെ പുതിയ മേൽവിലാസം:

Don Anugrah James
Via Rossini Gioacchino N. 3
Niscemi, Caltanissetta,93015
Sicily, Italy

### 5. ആദരാഞ്ജലികൾ

ബഹു. വർഗീസ് മൂലേച്ചാലിൽ അച്ചന്റെ പ്രിയ മാതാവ് **മേരി മൂലേച്ചാലിൽ (80)** 2024 സെപ്റ്റംബർ 28 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 29-ാം തീയതി തിരുവമ്പാടി തിരുഹൃദയ ഫൊറോന ദൈവാലയത്തിൽ മൃതസംസ്കാര ശുശ്രൂഷകൾ നടന്നു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. വർഗീസച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### 6. സ്മരണാഞ്ജലി

3 –11 – 2001 – മോൺ. തോമസ് മൂലക്കുന്നേൽ
10 –11 – 2006 – റവ. ഫാ. തോമസ് നിലയ്ക്കപ്പള്ളി
**11 –11 – 2004 – റവ. ഫാ. ഫിലിപ്പ് കണക്കഞ്ചേരി**
18 –11 – 1982 – റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിയിൽ
**26 –11 – 2011 – റവ. ഫാ. അഗസ്റ്റിൻ പന്നിക്കോട്ട്**

**പ്രോട്ടോസിഞ്ചെല്ലൂസ്**



# വിശുദ്ധനാട് തീർത്ഥയാത്ര ജനകീയമാക്കിയ നല്ലിടയൻ, നിത്യനഗരിയിലെ വിശുദ്ധസ്ഥലം സ്വന്തമാക്കി



1944 ജൂലൈ 06ന് തൊടുപുഴയ്ക്കടുത്തുള്ള നെടിയശാലയിൽ, കാപ്പിൽ ദേവസ്യ- അന്ന ദമ്പതികളുടെ നാലുമക്കളിൽ രണ്ടാമനായി ജനിച്ചു. പിന്നീട് കാപ്പിൽ കുടുംബം മലബാറിലെ കുരാച്ചുണ്ടിലേക്ക് കുടിയേറിയതിനാൽ അച്ചന്റെ പ്രാഥമിക വിദ്യാഭ്യാസം കൂരാച്ചുണ്ട്, കുളത്തുവയൽ സ്കൂളുകളിൽ ആണ് പൂർത്തിയാക്കിയത്. തുടർന്ന് തലശ്ശേരി രൂപതയുടെ മൈനർ സെമിനാരിയിൽ സെമിനാരി പഠനം ആരംഭിച്ചു. ഫിലോസഫി പഠനത്തിനായി മംഗലാപുരം സെന്റ് ജോസഫ് മേജർ സെമിനാരിയിലും തിയോളജി പഠനത്തിനായി റോമിലെ പ്രൊപ്പഗാന്ത ഫിദെ കോളേജിലേക്കും അയക്കപ്പെട്ടു. വൈദിക പരിശീലനത്തിനൊടുവിൽ റോമിൽ വെച്ച് 1970 മെയ് 17ന്, പന്തക്കുസ്ത തിരുനാൾ ദിനത്തിൽ പത്രോസിന്റെ ബസിലിക്കയിൽ, പോൾ ആറാമൻ മാർപാപ്പായിൽ നിന്ന് വൈദികപട്ടം സ്വീകരി ക്കുകയും, മെയ് 17ന് റോമിൽ വെച്ച് പ്രഥമ ദിവ്യബലി യർപ്പിക്കുകയും ചെയ്തു. വൈദികനായതിനു ശേഷം റോമിലെ ഉർബാനിയ യൂണിവേഴ്സിറ്റിയിൽ നിന്ന് തിയോളജിയിലും ലിറ്റർജിയിലും ലൈസൻഷിയേറ്റ് കരസ്ഥമാക്കി. കൂടാതെ 2 വർഷക്കാലം ജറുസലേമിൽ ബൈബിൾ ഡിപ്ലോമ കോഴ്സും പൂർത്തിയാക്കി.

റോമിൽ നിന്നും തിരിച്ചെത്തിയ ജോസഫ് അച്ചൻ 1971ൽ മാനന്തവാടി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി അജപാലന ശുശ്രൂഷ ആരംഭിച്ചു. 1972 മുതൽ 1974 വരെയുള്ള കാലഘട്ടത്തിൽ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ സെക്രട്ടറിയായി സേവനം ചെയ്തു. 1974 മുതൽ 1977 വരെ തലശ്ശേരി രൂപതയിലെ പെരുംപുന്ന ഇടവകയിൽ വികാരിയായി. തുടർന്ന് ഷീരാടി, നെല്ലിയാടി, നെല്ലിക്കുറ്റി, ചാപ്പൻതോട്ടം, തേക്കുംകുറ്റി, താമരശ്ശേരി, മരുതോങ്കര, തിരുവമ്പാടി, പെരിന്തൽമണ്ണ, മുക്കം, കൂമുള്ളി എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1987ൽ അഭിവന്ദ്യ മങ്കുഴിക്കരി പിതാവിന്റെ കാലഘട്ടത്തിൽ താമരശ്ശേരി രൂപതയുടെ പ്രൊക്കുറേറ്ററായി സേവനം ചെയ്തു. അക്കാ

ലഘട്ടത്തിലാണ് രൂപതയ്ക്കുവേണ്ടി സാവന്തവാടിയിൽ എസ്റ്റേറ്റ് വാങ്ങിയത്. 1993ൽ പുല്ലുരാംപാറ ബഥാനിയാ സെന്ററിന്റെ ഡയറക്ടർ, 1995ൽ അഭിവന്ദ്യ തൂങ്കുഴിപ്പിതാവിന്റെയും പിന്നീട് രൂപതയെ നയിച്ച അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിന്റെയും കാലഘട്ടത്തിൽ താമരശ്ശേരി രൂപതയുടെ പ്രൊക്കുറേറ്റർ, 2000ൽ കോഴിക്കോട് ഗുഡ് ഷെപ്പേർഡ് പ്രീസ്റ്റ് ഹോം, പി.എം.ഒ.സി., മതബോധനം, ബൈബിൾ അപ്പസ്തോലേറ്റ് എന്നിവയുടെ ഡയറക്ടർ, എപ്പാർക്കിയൽ കൺസൽട്ടർ, ലിറ്റർജി കമ്മീഷൻ ഡയറക്ടർ എന്നീ നിലകളിലും സേവനം ചെയ്തു. വിശ്രമജീവിതം നയിക്കുമ്പോഴും കുളത്തുവയൽ, ചുണ്ടത്തുംപൊയിൽ എന്നീ ഇടവകകളിൽ പ്രീസ്റ്റ് ഇൻ ചാർജ്ജ് ആയി സേവനം ചെയ്തിട്ടുണ്ട്.

വിശുദ്ധനാട് സന്ദർശനം ഇത്രയേറെ ജനകീയമാക്കുന്നതിൽ അച്ചൻ വഹിച്ച പങ്ക് വളരെ നിസ്തുലമാണ്. ഇസ്രായേലിലെ അംഗീകൃത ടൂർ ഗൈഡായിരുന്ന കാപ്പിലച്ചൻ, 1995ൽ അന്നത്തെ മെത്രാനായിരുന്ന അഭിവന്ദ്യ തൂങ്കുഴി പിതാവന്റെ അനുവാദത്തോടും അനുഗ്രഹാശ്ശിസ്സുകളോടും കൂടി ആരംഭംകുറിച്ച്, വിശുദ്ധനാട്ടിലേക്കുള്ള 55 തീർത്ഥാടന ഗ്രൂപ്പുകൾക്കാണ് ഇതിനോടകം നേതൃത്വം നൽകിയത്. ബഹു. ജോസഫച്ചൻ രണ്ടുവർഷത്തോളം ബൈബിളിനെക്കുറിച്ച് പഠിക്കാൻ തെരഞ്ഞെടുത്ത വിശുദ്ധനാട്ടിലെ ഓരോ സ്ഥലങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനങ്ങളും അനുഭവങ്ങളും, തീർത്ഥാടക സംഘങ്ങൾക്ക് വിവരിച്ചുകൊടുക്കുമ്പോൾ ഓരോരുത്തരും ആ വിശുദ്ധമണ്ണിൽ ജീവിക്കുന്നതുപോലുള്ള അനുഭവങ്ങളിലൂടെ കടന്നുപോകുമായിരുന്നു. വിശുദ്ധനാട് തീർത്ഥാടനം വെറുമൊരു യാത്രയാകാതെ ജീവിതത്തിന് ആത്മീയ ഉണർവ് ലഭിക്കുന്ന തരത്തിലുള്ള ധ്യാനത്തിലൂടെയും പ്രാർത്ഥനയിലൂടെയുമാണ് കാപ്പിലച്ചൻ ഈ യാത്രകൾ സംഘടിപ്പിച്ചിരുന്നത്.

വി. ഗ്രന്ഥത്തെ ആഴത്തിൽ സ്നേഹിച്ചിരുന്ന ഒരു പുരോഹിതനായിരുന്നു കാപ്പിലച്ചൻ. ബൈബിളിലെ ഓരോ സംഭവങ്ങളും ജീവിതഗ്രന്ഥിയായി അവതരിപ്പിക്കുന്നതിൽ അച്ചന് അപാരമായ സിദ്ധി ഉണ്ടായിരുന്നു. ബൈബിൾ കൂടുതൽ പഠിപ്പിക്കുവാനും പ്രചരിപ്പിക്കുവാനുമുള്ള ശ്രമങ്ങൾ അച്ചൻ വിശ്വാസപരിശീലന ഡയറക്ടറായിരിക്കുമ്പോൾ നടത്തിയിരുന്നു. ബൈബിൾ പണ്ഡിതനായിരുന്ന ബഹു. മൈക്കിൾ കാരിമറ്റത്തിലച്ചനുമായി ചേർന്ന് ബൈബിൾ ചിത്രകഥകൾ പള്ളികളിൽ എത്തിക്കുകയും ചിത്രകഥകളിലൂടെ എളുപ്പത്തിൽ ബൈബിളിനെ പഠിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പഴയകാല അദ്ധ്യാപകരും വിശ്വാസ സമൂഹവും, മോശ, സാംസൺ, റൂത്ത്, എസ്തേർ, ആമോസ് തുടങ്ങിയ ബൈബിൾ ചിത്രകഥകൾ ഇപ്പോഴും ഓർമ്മിക്കുന്നു. കൂടാതെ, മേഖലാതലങ്ങളിൽ അദ്ധ്യാപകരെ വിളിച്ചുകൂട്ടി വിശുദ്ധനാ

ടിനെക്കുറിച്ചുള്ള വിശദമായ ക്ലാസ്സുകളെടുക്കുകയും ഈശോയുടെ രക്ഷാകരചരിത്രങ്ങളെക്കുറിച്ചുള്ള ബോധ്യങ്ങളും ഉൾക്കാഴ്ചകളും നൽകുകയും ചെയ്യുമായിരുന്നുവെന്നത് അദ്ധ്യാപകരുടെ മനസ്സിൽ ഇപ്പോഴും തെളിഞ്ഞുനിൽക്കുന്ന ഓർമ്മകളാണ്.

ചാപ്പൻതോട്ടം ഇടവകയിൽ വികാരിയായിരിക്കുമ്പോൾ ചാത്തൻകോട്ടുനട അങ്ങാടിയിലുള്ള വലിയ കുരിശുപള്ളിയും ചാപ്പൻതോട്ടം പള്ളിയിലെ വി. യൗസേപ്പിതാവിന്റേയും പരി. കന്യകാമറിയത്തിന്റേയും നാമത്തിലുള്ള ഗ്രോട്ടോകൾ നിർമ്മച്ചതും കാപ്പിലച്ചനായിരുന്നു.

രൂപതയ്ക്ക് ഒരു നവീകരണകേന്ദ്രം ആവശ്യമാണെന്ന് അഭിവന്ദ്യ മങ്കുഴിക്കരിപിതാവിന്റെ വാക്കുകൾ ശിരസ്സാവഹിച്ചുകൊണ്ട് പുല്ലുരാംപാറയിലുള്ള ബഥാനിയ നവീകരണ കേന്ദ്രം നിർമ്മിച്ചത് അച്ചന്റെ കലത്തായിരുന്നു. കൂടാതെ ബഥാനിയായുടെ ആദ്യ ഡയറക്ടറായിരുന്നുകൊണ്ട് ധ്യാനങ്ങൾ ആരംഭിച്ചത് അക്കാലത്തായിരുന്നു. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന 101 ദിവസത്തെ അഖണ്ഡജപമാലയിലൂടെയും വിവിധങ്ങളായ ധ്യാനങ്ങളിലൂടെയും ബഥാനിയ റിന്യൂവൽ സെന്റർ അനേകർക്ക് ആശ്രയമായി ഇന്നും നിലകൊള്ളുന്നു.

താമരശ്ശേരി രൂപതാസ്ഥാപനത്തിന്റെ 10-ാം വാർഷികമായ 1996 ജൂലൈ 3ന് അഭിവന്ദ്യ തൂങ്കുഴി പിതാവ് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചപ്പോൾ ബഹു. ജോസഫ് കാപ്പിലച്ചനായിരുന്നു രൂപതയുടെ പ്രൊക്കുറേറ്റർ. 1999 ഡിസംബർ 31ന് കത്തീഡ്രൽ ദൈവാലയത്തിന്റെ കൂദാശ നിർവ്വഹിക്കപ്പെട്ടപ്പോൾ, കാപ്പിലച്ചന്റെ ദീർഘവിഷണത്തോടെയുള്ള ഇടപെടലുകളാണ് സമയബന്ധിതമായി പണികൾ പൂർത്തീകരിക്കാൻ കാരണമായത്. താമരശ്ശേരി രൂപതയുടെ വലിയ അഭിമാനമായി നിൽക്കുന്ന മേരിമാതാ കത്തീഡ്രലിൽ ബഹു. ജോസഫച്ചൻ 2003 - 2006 കാലഘട്ടത്തിൽ വികാരിയായും സേവനം ചെയ്തു.

2006 മെയ് മാസത്തിൽ മരുതോങ്കര ഇടവക വികാരിയായി നിയമിതനായ ബഹു. കാപ്പിലച്ചന്റെ നേതൃത്വത്തിൽ പുതിയ പള്ളി പണിയുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും സെപ്റ്റംബർ 8ന് തറക്കല്ലിട്ട് ആരംഭിച്ച ദൈവാലയ നിർമ്മാണം അതിശയകരമായ രീതിയിൽ പൂർത്തിയാക്കി, 2008 ഏപ്രിൽ മാസം 12ന് അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവ് ഈ ദൈവലയത്തിന്റെ കൂദാശകർമ്മം നിർവ്വഹിച്ചു. പള്ളിപണിയുടെ ഓരോ ഘട്ടത്തിലും ഇടവകയിലെ ജനങ്ങളെ ഒന്നിച്ചുചേർത്ത് നിർമ്മിച്ച പരി. അമ്മയുടെ നാമത്തിലുള്ള മനോഹരമായ ദൈവാലയം മരുതോങ്കരയുടെ അഭിമാനവും അനേകർക്ക് അനുഗ്രഹവുമാണ്.

അഭിവന്ദ്യ പിതാക്കന്മാരോടും അധികാരികളോടും ഏറ്റവും അടുത്തബന്ധം

സൂക്ഷിച്ചിരുന്നു കാപ്പിൽ ജോസഫച്ചൻ. യൂറോപ്പിലെ പുണ്യസ്ഥലങ്ങളിൽ മാസങ്ങളോളം താമസിച്ച് ശുശ്രൂഷ ചെയ്യുന്നതിനും അച്ചന്റെ സബാറ്റിക്കൽ വർഷത്തിൽ നാല് മാസക്കാലം ഇസ്രായേലിൽ ചിലവഴിക്കാൻ സാധിച്ചതുമെല്ലാം ഒരു സാധാരണ വൈദികന് ലഭിക്കുന്ന അവസരങ്ങളല്ല എന്ന് അച്ചൻ പറയുമായിരുന്നു. ദൈവത്തിന്റെ കരങ്ങളായിരുന്നു അച്ചനെ നയിച്ചത് എന്ന് ഉറപ്പിക്കുന്നതായിരുന്നു ആ വാക്കുകൾ.

2015 മുതൽ ഈരൂട് വിയാനി വൈദിക മന്ദിരത്തിൽ വിശ്രമ ജീവിതം നയിച്ചുവരികയായിരുന്ന കാപ്പിലച്ചൻ, തനിക്ക് ആരോഗ്യം അനുവദിക്കുന്ന കാലത്തോളം ഏതെങ്കിലും ഇടവകകളിൽ സേവനം ചെയ്യുന്നതിന് തയ്യാറാണെന്ന് അധികാരികളെ അറിയിച്ചിരുന്നു. കുളത്തുവയലിലും ചുണ്ടത്തുംപൊയിലിലും പ്രീസ്റ്റ് ഇൻ ചാർജ്ജ് ആയി സേവനം ചെയ്തത് ഈ വിശ്രമ കാലഘട്ടത്തിലായിരുന്നു.

കണ്ടുമുട്ടുന്ന എല്ലാവരെയും സഹോദരനായും സഹോദരിയായും സുഹൃത്തായും നിറപുഞ്ചിരിയോടെ സ്വീകരിക്കുവാൻ അച്ചനു കഴിയുമായിരുന്നു. അച്ചന്റെ സ്നേഹവും പരിലാളനയും ഏറ്റു വാങ്ങിയ അനേകം മക്കൾ അച്ചന്റെ വിയോഗത്തിൽ ആത്മാർത്ഥമായി ഇന്ന് ദുഃഖിക്കുന്നുണ്ട്. വി. കുർബ്ബാനയെ ജീവിതഗ്രന്ഥിയായി അവതരിപ്പിക്കുന്നതിനും പരികർമ്മം ചെയ്യുന്നതിനും കാപ്പിലച്ചന് അതുല്യമായ താൽപര്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വി. കുർബാനയർപ്പണം ഹൃദയസ്പർശിയും ദൈവാനുഗ്രഹപ്രദവുമായിരുന്നു.

'എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിയ്ക്കുന്നു' (ലൂക്ക 1:46-47): ഈ ആപ്തവാക്യത്തിൽ അടിയുറച്ച ജോസഫ് കാപ്പിലച്ചൻ, താൻ ആയിരുന്ന ഇടവകകളിലും സ്ഥാനങ്ങളിലും തന്റെ ശക്തമായ നേതൃത്വവും കഠിനാദ്ധ്വാനവും ആധ്യാത്മികതയും കൊണ്ട് ജനത്തെ മുന്നോട്ട് നയിച്ച അജപാലകനായിരുന്നു. അച്ചന്റെ കൃത്യനിഷ്ഠയും ആദ്ധ്യാത്മിക കാര്യങ്ങളിലെ നേതൃത്വവും അച്ചന്റെ ബൈബിളിലുള്ള പാണ്ഡിത്യവും എല്ലാവരാലും അംഗീകരിക്കപ്പെട്ടതാണ്.

കഴിഞ്ഞ കുറച്ചു മാസങ്ങളായി ബഹു. കാപ്പിലച്ചൻ ശാരീരിക അസ്വസ്ഥതകൾ അനുഭവിച്ചിരുന്നു. തുടർ ചികിത്സയിലായിരിക്കേ 2024 സെപ്റ്റംബർ 28-ാം തിയ്യതി, ഉച്ചയ്ക്ക് 01.30 യോടെ, ഇത്രയും നാൾ തന്നെ പരിപാലിച്ച ദിവ്യനാഥനോട് ചേരാൻ ജോസഫ് അച്ചൻ യാത്രയായി. ധന്യമായ ജീവിതം നയിച്ച് നമുക്കേവർക്കും മാതൃക യായ അദ്ദേഹം തന്റെ ഭൗമിക തീർത്ഥാടനത്തിന് തിരശ്ശീലയിട്ടുകൊണ്ട് ദൈവത്തിന്റെ നിത്യവസതിയിൽ തനിക്കായി ഒരുക്കപ്പെട്ട വിശുദ്ധസ്ഥലം സ്വന്തമാക്കി.

# പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

താമരശ്ശേരി രൂപതയുടെ പന്ത്രണ്ടാമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ 4-മത് യോഗം 2024 സെപ്റ്റംബർ 17 ന് രൂപതാഭവനിൽ വച്ച് രാവിലെ 10.30 മുതൽ വൈകിട്ട് 4 മണിവരെ നടന്നു. ബഹു. ജോൺ പള്ളിക്കാവയലിൽ അച്ചന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. അഭിവന്ദ്യപിതാവിന്റെ അധ്യക്ഷതയിൽ കൂടിയ കൗൺസിലിന് ബഹുമാനപ്പെട്ട ജനറാളച്ചൻ സ്വാഗതം ആശംസിച്ചു. അധ്യക്ഷപ്രസംഗത്തിൽ നിയമാവലി പരിഷ്കരിക്കുന്നതിന്റെ അവശ്യകതയും എപ്പാർക്കിയൽ അസംബ്ലിയുടെ മാർഗനിർദ്ദേശങ്ങൾ ചർച്ചചെയ്യേണ്ടതിന്റെ പ്രാധാന്യവും പിതാവ് വ്യക്തമാക്കി. കഴിഞ്ഞ പ്രസ്ബിറ്ററൽ കൗൺസിലിന്റെ റിപ്പോർട്ട് രൂപത ചാൻസലറായ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് അവതരിപ്പിക്കുകയും യോഗം പാസ്സാക്കുകയും ചെയ്തു. പ്രസ്ബിറ്ററൽ കൗൺസിലിന്റെ പുതിയ സെക്രട്ടറിയായി അദ്ദേഹത്തെ യോഗം ഏകകണ്ഠമായി തിരഞ്ഞെടുത്തു. തുടർന്ന്, വിവിധങ്ങളായ അജപാലനവിഷയങ്ങളെ അധികരിച്ചുള്ള ചർച്ചകൾക്ക് അഭിവന്ദ്യപിതാവ് നേതൃത്വം നല്കി. രൂപതയുടെ നിയമാവലി പരിഷ്കരണം, മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിയുടെ നിർദ്ദേശങ്ങൾ, 2025 ലെ മഹാജൂബിലിയുടെ കർമപദ്ധതികൾ, റൂബി ജൂബിലി ഒരുക്കങ്ങൾ, പി.പി.എഫ്, കക്കാടംപോയിൽ വൈദികമന്ദിരം, പിതൃവേദി, ചെറിയ ഇടവകളുടെ സ്ഥിരമായ അജപാലനശുശ്രൂഷ, യാമപ്രാർഥനകൾ, രൂപതാകലണ്ടർ, വി.മൂറോൻ കൂദാശ, വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കുന്ന വൈദികർ, വിലങ്ങാട്-മഞ്ഞക്കുന്ന് പുനരധിവാസപദ്ധതി, ഇ.എസ്.ഐ കരട് വിജ്ഞാപനം എന്നിവയായിരുന്നു വൈദികസമിതി അജണ്ടയിലെ ചർച്ചാവിഷയങ്ങൾ.

രൂപതയുടെ നിയമാവലി പരിഷ്കരണത്തിന്റെ ഭാഗമായി മാറ്റം വരുന്ന നിയമഭാഗങ്ങളുടെ കരട് ബഹു. വരകിൽ അച്ചൻ അവതരിപ്പിക്കുകയും പ്രസ്ബിറ്ററൽ കൗൺസിലിന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു. രൂപതയുടെ പ്രത്യേക പശ്ചാത്തലത്തിലുള്ള വിവിധങ്ങളായ നിയമപരിഷ്കാരങ്ങളെ അടിസ്ഥാനമാക്കി ആഴത്തിലുള്ള ചർച്ചകൾക്ക് വൈദികസമിതി സാക്ഷ്യം വഹിച്ചു. പുതിയ അജപാലനവർഷത്തിനു മുൻപായി നിയമാവലിയുടെ പരിഷ്കരണം പൂർത്തിയാക്കാൻ സാധിക്കുമെന്ന് അതിന്റെ രൂപീകരണത്തിനായി യത്നിക്കുന്ന കമ്മിറ്റി യോഗത്തെ അറിയിക്കുകയും ചെയ്തു.

രൂപതയുടെ മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിയുടെ വിവിധ നിർദ്ദേശങ്ങൾ ബഹു. തോമസ് ചിലമ്പിക്കുന്നേൽ അച്ചൻ പ്രസ്ബിറ്ററൽ കൗൺസിലിൽ അവതരിപ്പിച്ചു. യോഗത്തിന്റെ നിർദ്ദേശങ്ങളുടെയും ആലോചനകളുടെയും വെളി

ച്ചത്തിൽ രൂപതാസംബ്ലിയുടെ തീരുമാനങ്ങൾ സാക്ഷാത്കരിക്കാൻ തോമസ് ചില മ്പിക്കുന്നേൽ അച്ചനെ യോഗം ചുമതലപ്പെടുത്തി. കുടുംബങ്ങളുടെ ശാക്തീകര ണത്തിനായി ഒരു വർഷം പൂർണ്ണമായും കുടുംബവർഷമായി ആചരിക്കുന്നത് ഉചിതമാണെന്ന് കൗൺസിൽ അഭിപ്രായപ്പെടുകയും ഫാമിലി അപ്പസ്തോ ലേറ്റിന്റെ നേതൃത്വത്തിൽ മതബോധനകേന്ദ്രവും പ്രോലൈഫും സംയുക്തമായി ഗർഭസ്ഥർക്കായി ഒരു മതബോധനം രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകത വ്യക്ത മാക്കുകയും ചെയ്തു. രൂപതയിൽ പ്രവാസി അപ്പസ്തോലേറ്റ് ആരംഭിക്കാനും അതിന് നേതൃത്വം നല്കുവാൻ ഒരു ഡയറക്ടറെ നിയമിക്കേണ്ടതും ഈ കാല ഘട്ടത്തിന്റെ അജപാലനാവശ്യമാണെന്ന് കൗൺസിൽ വിലയിരുത്തുകയും റൂബി ജൂബിലിയോടനുബന്ധിച്ച് മീഡിയ കമ്മീഷൻ ശക്തിപ്പെടുത്താൻ ശുപാർശ നല്കു കയും ചെയ്തു.

തുടർന്ന് നടന്ന ചർച്ചയിൽ പരിശുദ്ധസഭയുടെ മഹാജൂബിലിയുടെ (2025) മാർഗനിർദ്ദേശങ്ങൾ ബഹു. മാത്യു കുളത്തിങ്കൽ അച്ചൻ അവതരിപ്പിച്ചു. കരുണ യുടെ വർഷത്തിന്റെ വിശദമായ കർമ്മപദ്ധതികൾ ക്ലർജി സെമിനാറിലെ ചർച്ച കൾക്കും ആലോചനകൾക്കും ശേഷം രൂപപ്പെടുത്താൻ തീരുമാനിക്കുകയും അഭി വന്ദ്യപിതാവിന്റെ ഡിസംബർ മാസത്തെ സർക്കുലറിലൂടെ മഹാജൂബിലിയുടെ രൂപതതലത്തിലും മറ്റ് തലങ്ങളിലുമുള്ള അജപാലനപദ്ധതികൾ വിശ്വാസസമൂ ഹത്തെ അറിയിക്കാനുള്ള ക്രമീകരണങ്ങൾ നടത്താനും നിർദ്ദേശിച്ചു. കരുണ യുടെ വർഷത്തിന്റെ രൂപതതല ഉദ്ഘാടനം കത്തിഡ്രൽ ദൈവാലയത്തിൽ വച്ച് 2024 ഡിസംബർ 24 ന് നടക്കുന്നതാണ്. ഇടവകകളിൽ 2024 ഡിസംബർ 29 നാണ് മഹാജൂബിലിയുടെ ആരംഭം. ഈ പ്രത്യേകവർഷത്തിന്റെ ലോഗോ പ്രകാശനവും ജൂബിലി തിരിതെളിക്കലും ഇടവകതലത്തിൽ നടത്താനുള്ള സജ്ജീകരിണങ്ങൾ ഇതോടൊപ്പം ചെയ്യേണ്ടതാണ്. കൂടാതെ, ജൂബിലി വർഷ പ്രാർഥനയും വി. കുർബാനമധ്യേ ഉപയോഗിക്കാനുള്ള കാറോസൂസയും ഞായറാഴ്ചകളിലെ ബലി യർപ്പണത്തിനുശേഷം ചൊല്ലാനുള്ള പ്രാർഥനയും പുറപ്പെടുവിക്കാൻ തീരുമാ നിച്ചു. രൂപതയുടെ എല്ലാ അജപാലന സംവിധാനങ്ങളിലും കരുണയുടെ വർഷ ത്തിന്റെ പ്രമേയങ്ങൾ ഉൾക്കൊള്ളിച്ച് ദൈവജനത്തിന്റെ സമഗ്രമായ നവീക രണത്തോടൊപ്പം സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പ്രേഷിതാഭിമുഖ്യം വളർത്താൻ ഉതകുന്ന കർമ്മപദ്ധതികൾ തയാറാക്കണമെന്നും പ്രസ്ബിറ്ററൽ കൗൺസിൽ ആവശ്യപ്പെട്ടു. കത്തീഡ്രലിലേക്കുള്ള തീർത്ഥാടനത്തിനൊപ്പം രൂപ തയുടെ എല്ലാ മരിയൻ തീർത്ഥടാന ദൈവാലയങ്ങളിലേക്കും വിശുദ്ധയാത്ര കൾ സംഘടിപ്പിക്കണം കൂടാതെ, സഭയുടെ മിഷൻ കേന്ദ്രങ്ങളിലേക്കും ഇപ്ര കാരമുള്ള സന്ദർശനങ്ങൾ മഹാജൂബിലിയുടെ കൃപകൾ അനുഭവിക്കാൻ നമ്മെ പ്രാപ്തരാക്കുമെന്നും യോഗം വിലയിരുത്തി.

കരുണയുടെ വർഷത്തെ അടിസ്ഥാനമാക്കിയുള്ള ചർച്ചകൾക്ക് ശേഷം രൂപതയുടെ റൂബി ജൂബിലി ഒരുക്കങ്ങളെക്കുറിച്ച് പ്രോഗ്രാം കൺവീനർ ബഹു. ജോൺ ഒറവുങ്കരയച്ചൻ വിഷയാവതരണം നടത്തി. 2025 ഏപ്രിൽ 28 ന് റൂബി ജൂബിലിയുടെ ഉദ്ഘാടനവും 2026 ഏപ്രിൽ 28 ന് സമാപനവും നടത്താമെന്ന് തീരുമാനിച്ചു. ജൂബിലിയാഘോഷങ്ങളുടെ രൂപതാതല ഉദ്ഘാടനം 2025 ഏപ്രിൽ 26 (ശനിയാഴ്ച) നടത്താനും ഇടവകാതലത്തിലുള്ള ആഘോഷങ്ങൾ 2025 ഏപ്രിൽ 27 (ഞായർ) ആരംഭിക്കാനുള്ള ഒരുക്കങ്ങൾ നടത്താനും പ്രസ്ബിറ്ററൽ കൗൺസിൽ നിർദ്ദേശിച്ചു.

വൈദികദിനത്തോട് (ആഗസ്റ്റ് 4) അനുബന്ധിച്ച് സ്വരൂപിച്ചിരുന്ന വൈദികദിനപിരിവ് വിലങ്ങാട്-മഞ്ഞക്കുന്ന് പുനരധിവാസപ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സമാഹരണാർത്ഥം ഈ വർഷം ശേഖരിക്കാൻ സാധിച്ചില്ല. ഏകദേശം 1 കോടിയിൽപരം തുക വൈദികരുടെ മെഡിക്കൽ ആവശ്യത്തിന് വാർഷിക ചെലവുവരുന്നതിനാൽ തനതുവർഷം അഭിമുഖീകരിക്കാൻ പോകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പ്രസ്ബിറ്ററൽ കൗൺസിൽ വിലയിരുത്തി. ഇടവകയുടെ പുത്തരിതിരുനാളിന്റെ ശേഖരണം പി.പി.എഫിലേക്ക് നല്കിയോ, അല്ലെങ്കിൽ എല്ലാവർഷവും ഇടവക നല്കുന്ന വൈദികദിനപിരി വിന്റെ ഏകദേശ തുക ഇടവകയിൽനിന്ന് പി.പി.എഫിലേക്ക് അടച്ചോ നിലവിലുള്ള പ്രതിസന്ധിയെ അതിജീവിക്കാൻ പ്രസ്ബിറ്ററൽ കൗൺസിൽ ആവശ്യപ്പെട്ടു.

കക്കാടംപോയിൽ വൈദികമന്ദിരത്തിന്റെ നിർമ്മാണസാധ്യത അഭിവന്ദ്യപിതാവ് പങ്കുവച്ചു. പ്രാർത്ഥനയുടെയും നിശബ്ദതയുടെ യും ഒരുഭവനം വൈദികകൂട്ടായ്മയ്ക്ക് അനിവാര്യമാണെന്ന് വൈദീകസമിതി അഭിപ്രായപ്പെടുകയും അതിന്റെ നിർമ്മാണത്തിന് രൂപത വൈദികരുടെ സംഭാവന സ്വീകരിക്കുന്നത് ഉചിതമാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

സഭയുടെ മഹാജൂബിലിയോടനുബന്ധിച്ച് എല്ലാ സംഘടനകളെയും അപ്പസ്തോലേറ്റുകളെയും ശക്തിപ്പെടുത്തുന്നതിനൊപ്പം പിതൃവേദി രൂപതതലത്തിൽ ആരംഭിക്കേണ്ടതിന്റെ ആവശ്യകതയും പ്രസ്ബിറ്ററൽ കൗൺസിൽ വിലയിരുത്തി. എന്നാൽ, ഐ.കെ. സി.സിയുടെ പ്രവർത്തനങ്ങൾ രൂപതാതലത്തിലും ഇടവകതലത്തി ലും ശക്തിപ്പെട്ടുവരുന്നതിനാൽ പിതൃവേദി ആരംഭിക്കുന്നത് കൂടുതൽ ആശയക്കുഴപ്പങ്ങൾക്കും ഐ.കെ.സി.സിയുടെ പ്രവർത്തനങ്ങൾ പരിമിതിപ്പെടുന്നതിനും കാരണമാകുമെന്ന് യോഗം അഭിപ്രായ പ്പെടുകയും മാർഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

വിശ്വാസികളുടെ എണ്ണത്തിൽ കുറവുള്ള ഇടവകകളുടെ സ്ഥിര മായ അജപാലന ശുശ്രൂഷയുടെ വിവിധങ്ങളായ മാനങ്ങൾ പ്രസ്ബിറ്ററൽ കൗൺസിൽ

പരിഗണിച്ചു. ചെറിയ ഇടവകകളുടെ കാലഘട്ട ത്തിനനുസരിച്ചുള്ള അജപാലനശുശ്രൂഷയുടെ ക്രമീകരണം അത്യാവശ്യമാണെന്നും പ്രസ്തുത സംവിധാനങ്ങളിൽ ശുശ്രൂഷചെയ്യുന്ന വൈദികരെ രൂപത അപ്പസ്തോലേറ്റുകളിലും സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങളിലും പ്രയോജനപ്പെടുത്താൻ സാധിച്ചാൽ അത്തരം ഇടവകകളിൽ സ്ഥിരമായ അജപാലനശുശ്രൂഷ നിലനിറുത്താൻ സാധിക്കുമെന്ന് കൗൺസിൽ നിരീക്ഷിച്ചു. കൂടാതെ, പ്രസ്തുത ഇടവകകളുടെ സമീപത്തുള്ള താരതമ്യേന വലിയ ഇടവകകൾ, തങ്ങളുടെ കുടുംബക്കൂട്ടായ്മകളും സംഘടനകളും ഉൾപ്പെടുന്ന അജപാലനസംവിധാനത്തിൽ ചെറിയ ഇടവകളിലെ വികാരിയച്ചന്മാരുടെ സാന്നിധ്യവും നേതൃത്വവും ഉൾപ്പെടുത്തിയാൽ ദൈവജനത്തിന് ഗുണകരമാകുമെന്ന് പ്രസ്ബിറ്ററൽ കൗൺസിൽ വിലയിരുത്തി.

സഭയുടെ ആരാധനക്രമത്തിൽ അധിഷ്ഠിതമായ ആത്മീയത പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത യോഗം ചർച്ച ചെയ്തു. യാമപ്രാർഥനകൾ തിരുസഭയുടെ ഔദ്യോഗിക പ്രാർഥനയാണ്. അവയുടെ ഉപയോഗത്തിലൂടെ വ്യക്തിപരമായ വിശുദ്ധീകരണത്തോടൊപ്പം ദൈവജനത്തിന്റെ നവീകരണവും പ്രോത്സാഹിപ്പിക്കാൻ സാധിക്കും. സീറോ മലബാർ സഭയിൽ ജനങ്ങളുടെ ഉപയോഗത്തിനായുള്ള യാമപ്രാർഥനയുടെ ടെക്സ്റ്റുകൾ ഉപയോഗിക്കുന്നത് ഈ ലക്ഷ്യം സ്വായത്തമാക്കാൻ സഹായിക്കും. ദൈവജനത്തിന്റെ ഉപയോഗത്തിനുള്ള സപ്ര, റംശാ പ്രാർഥനകൾ ലളിതമായി ഇതിനോടകം ലഭ്യമായിട്ടുണ്ട്. ഇടവകകളിലും സ്ഥാപനങ്ങളിലും രാവിലെ വി. കുർബാനയ്ക്ക് മുൻപായി പുതിയ സപ്ര ടെക്സ്റ്റുകൾ ഇനിമുതൽ ഉപയോഗിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. എല്ലാ വൈദികരും സമർപ്പിതരും യാമപ്രാർത്ഥനയിലൂടെ സഭയോട് ചേർന്ന് പ്രാർഥിക്കുന്ന ആരാധനസമൂഹമായി രൂപാന്തരപ്പെടാൻ പ്രതിജ്ഞാബദ്ധമാണെന്ന് അഭിവന്ദ്യപിതാവ് ഓർമിപ്പിച്ചു. രൂപത കലണ്ടർ എല്ലാ കുടുംബങ്ങൾക്കും സൗജന്യമായി നല്കുന്നത് ആരാധനക്രമത്തിൽ അധിഷ്ഠിതമായ ആത്മീയ സമ്പത്ത് സാംശീകരിക്കാൻ വളരെ പ്രയോജനകരമാകും.

വലിയ ആഴ്ചയിലെ വി. മൂറോൻ കൂദാശയെപ്പറ്റി യോഗം പരാമർശിച്ചു. വൈദികഗണം മാത്രമാണ് മൂറോൻ കൂദാശയുടെ കർമ്മങ്ങളിൽ ഇപ്പോൾ പങ്കുചേരുന്നത്. എന്നാൽ ദൈവജനത്തിന് പങ്കെടുക്കാൻ സാധിക്കുംവിധം ഈ തിരുകർമ്മം ക്രമീകരിക്കുന്നത് ഉചിതമാണ്. രൂപതയിൽ ശുശ്രൂഷചെയ്യുന്ന എല്ലാ സമർപ്പിതരെയും ഈ കൂദാശയുടെ തിരുകർമ്മങ്ങളിൽ പങ്കെടുക്കാൻ പ്രോൽസാഹിപ്പി ക്കണമെന്ന് പ്രസ്ബിറ്ററൽ കൗൺസിൽ ആവശ്യപ്പെട്ടു.

വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കുന്ന വൈദികർക്ക് ഇടവകയിലും രൂപതതലം ഉൾപ്പെടെ വിത്യസ്തതലങ്ങളിലും സാഘോഷപൂർവ്വകവും ഔദ്യോ

ഗികവുമായ റിട്ടയർമെന്റുകൾ നല്കുന്നത് ഉചിതമാണെന്ന് വൈദികസമിതി നിർദ്ദേശിക്കുകയും കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പിനെപ്പറ്റിയുള്ള നിയമങ്ങൾ വിശദമായി നിയമാവലിയിൽ ചേർക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

ശക്തമായ ഉരുൾപോട്ടൽമൂലം ദാരുണമായി തകർന്ന വിലങ്ങാട്-മഞ്ഞക്കുന്ന് പ്രദേശത്തെ കുടുംബങ്ങളുടെ പുനരധിവാസത്തെക്കുറിച്ചുള്ള ചർച്ചകൾ തുടർന്നു നടന്നു. രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ എല്ലാവരെയും പ്രത്യേകിച്ച് പ്രസ്തുത സ്ഥലങ്ങളിലെ ബഹു. വികാരിയച്ചന്മാരെയും സി.ഒ.ഡിയുടെയും എല്ലാ സംഘടനകളുടെയും മറ്റ് അഭ്യുദാകാംക്ഷികളുടെയും പ്രവർത്തനങ്ങളെ യോഗം അഭിനന്ദിച്ചു. ഗവൺമെന്റിന്റെ പുനരധിവാസപദ്ധതിയോട് ചേർന്ന് രൂപതയും അതിൽ പങ്കുചെരുമെന്ന് വിലങ്ങാട്- മഞ്ഞക്കുന്ന് പുനരധിവാസപദ്ധതിയുടെ രക്ഷാധികാരിയായ ബഹു.ജനറാളച്ചൻ അറിയിച്ചു. കൂടാതെ, ആറാം ഇ.എസ്.ഐ വിജ്ഞാപനത്തിന്റെ കരടിൽ ഭൂപ്രദേശം നിർണ്ണയിച്ചുകൊണ്ടുള്ള മാപ്പ് നല്കാ ത്തതിനാൽ കർഷകരും ആ പ്രദേശത്ത് അധിവസിക്കുന്നവരും നേരിടുന്ന പ്രതിസന്ധി പ്രസ്ബിറ്ററൽ കൗൺസിൽ വിലയിരുത്തുകയും പശ്ചിമഘട്ട ജനസംരക്ഷണസമിതിയോട് ചേർന്ന് ഈ ആക്ഷേപം ഭരണകൂടത്തെ അറിയിക്കാനും തീരുമാനിച്ചു.

പ്രസ്ബിറ്ററൽ കൗൺസിലിന്റെ സമാപനത്തിന് മുൻപ് ശൂന്യവേളയിലെ ചർച്ചകളിൽ ദീപിക, ബിസിനസ് ഫോറം പോലെയുള്ള കൂട്ടായ്മകൾ, മെഡിക്കൽ കൊളേജിന്റെ സമീപത്തുള്ള വിൻസൻഷ്യൻ കെയർ ഹോമിന്റെ പ്രാധാന്യം, കുടുംബകൂട്ടായ്മ പ്രവർത്തനഫണ്ടിന്റെ അനിവാര്യത, വരുന്ന പഞ്ചായത്ത് ഇലക്ഷനുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ, ജാഗ്രതാസമിതിയുടെ അവശ്യകത തുടങ്ങിയ പ്രമേയങ്ങൾ ചർച്ച ചെയ്തു.

താമരശ്ശേരി രൂപതയുടെ പന്ത്രണ്ടാമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ 4-മത് യോഗത്തിന് ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് ഔപചാരികമായ നന്ദി രേഖപ്പെടുത്തി. വൈകിട്ട് നാലുമണിക്ക് പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

# രൂപത ഡിജിറ്റലൈസേഷൻ

പ്രിയ ബഹുമാനപ്പെട്ട വികാരിയച്ചന്മാരേ,

2026 ൽ പൂർത്തിയാക്കേണ്ട രൂപത ഡിജിറ്റലൈസേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഇടവകയ്ക്ക് ലഭിക്കുന്ന ഡിജിറ്റൽ മാനേജ്മെന്റ് സംവിധാനങ്ങളും ഇടവകയിൽ അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങളും താഴെ നൽകുന്നു.

## ഡിജിറ്റലൈസേഷന്റെ ഭാഗമായി ഇടവകയ്ക്ക് ലഭിക്കുന്ന സംവിധാനങ്ങളും സേവനങ്ങളും

### 1. ഇടവക വെബ്സൈറ്റ്

രൂപത വെബ്സൈറ്റിനൊപ്പം ഇടവകകൾക്ക് മൈക്രോ വെബ് സൈറ്റ് ലഭിക്കുന്നതാണ്. ഇടവക ദൈവാലയത്തിന്റെ ചിത്രങ്ങൾ, വിശുദ്ധ കുർബാന സമയം, ഇടവകയിൽ നടക്കുന്ന തിരുകർമങ്ങളെ സംബന്ധിച്ചുള്ള അറിയിപ്പുകൾ, ചിത്രങ്ങളും വീഡിയോകളും പ്രസിദ്ധീകരിക്കാനുള്ള സംവിധാനം, മരണവിവരങ്ങൾ, ഇടവക ലൊക്കേഷൻ മാപ്പ്, ഭരണസമിതി, വികാരിയച്ചൻ, ഇടവകയിൽ നിന്നുള്ള വൈദികർ, പാരിഷ് ബുള്ളറ്റിൻ തുടങ്ങിയ നിരവധി വിവരങ്ങൾ ഈ വെബസൈറ്റിൽ ലഭ്യമാക്കുന്നതാണ്. ഇടവക മൈക്രോ സൈറ്റിലേക്കുള്ള അടിസ്ഥാന വിവരങ്ങൾ ഓരോ ഇടവകയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളാണ് ഇവ അപ്ലോഡ് ചെയ്യേണ്ടത്. വിവരങ്ങൾ ചേർക്കാനുള്ള ലോഗിൻ ഐഡിയും പാസ്‌വേർഡും ലഭിക്കും.

### 2. ഇടവക മാനേജ്മെന്റ് സിസ്റ്റം

2021 വർഷത്തിൽ നടത്തിയ സർവ്വേ വിവരങ്ങൾ (ഇടവകയിലുള്ള യൂണിറ്റുകൾ, കുടുംബങ്ങൾ, വ്യക്തികൾ, അവരുടെ വിവരങ്ങൾ) എല്ലാ ഇടവകളുടെയും മാനേജ്മെന്റ് സംവിധാനത്തിൽ നിലവിൽ ലഭ്യമാണ്. ഇതിൽ ചേർക്കാത്ത വീടുകൾ, വ്യക്തികൾ, 2021 ന് ശേഷം ജനിച്ച കുട്ടികൾ, മരണപ്പെട്ട വ്യക്തികൾ, സർവ്വേ അവസരത്തിൽ ലഭിക്കാത്ത ആത്മസ്ഥിതി വിവരങ്ങൾ എന്നിവ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ഇവ പൂർത്തിയാക്കിയാൽ ഇടവകാടിസ്ഥാനത്തിലുള്ള അജപാലനപ്രവർത്തനങ്ങൾ സുഗമമാകും.

**a) ആത്മസ്ഥിതി മാനേജ്മെന്റ്:** ഇടവകാംഗങ്ങളുടെ ആത്മസ്ഥിതി വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നു. കുടുംബങ്ങളുടെയും വ്യക്തികളുടെയും വിവരങ്ങൾ, അവർക്ക് ലഭ്യമാക്കേണ്ട സർട്ടിഫിക്കറ്റുകൾ, അപേക്ഷകൾ, മറ്റ് ഇടവകയിലേക്കുള്ള കുടുംബങ്ങളുടെയും വ്യക്തികളുടെയും

ട്രാൻസ്ഫറുകൾ എന്നിവ അനായാസം പ്രയോജനപ്പെടുത്താം. വിവിധ സർട്ടിഫിക്കറ്റുകൾ ലഭിക്കാനും പ്രിന്റ് എടുക്കാനും ഈ മാനേജ്മെന്റ് സിസ്റ്റത്തിലൂടെ സാധിക്കും.

**b) ഇൻഡിവിജ്വൽ ഐഡി നമ്പർ:** രൂപതയിലെ മുഴുവൻ വ്യക്തികൾക്കും ഐഡി നമ്പർ നൽകുന്നു. ഭാവിയിൽ ഈ നമ്പർ ഉപയോഗപ്പെടുത്തിക്കൊണ്ട് രൂപത, ഇടവക സംവിധാനങ്ങളുടെ ഉപയോഗം സാധ്യമാക്കാം.

**c) തരംതിരിച്ചുള്ള വിവരങ്ങൾ:** ഇടവകയിൽ വിവിധ വിഭാഗത്തിൽപെടുന്ന വ്യക്തിവിവരങ്ങൾ ലഭ്യമാകുന്നു. (ഉദാ. കുട്ടികൾ, വിധവകൾ etc.). പഴയ കൈക്കാരൻമാർ, കമ്മറ്റിക്കാർ തുടങ്ങി ഇടവകയുമായി ബന്ധപ്പെട്ട നിരവധി വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**d) കാറ്റക്കിസം മാനേജ്മെന്റ്:** ബൈബിൾ നഴ്സറി മുതൽ എ.സി.സി. 15 ക്ലാസ് വരെ പഠിക്കുന്ന കുട്ടികളുടെ വിവരങ്ങൾ, പ്രമോഷൻ ലിസ്റ്റ്, അധ്യാപകരെ സംബന്ധിക്കുന്ന വിവരങ്ങൾ, വിവിധ ക്ലാസ്സുകളിലേക്കുള്ള രജിസ്ട്രേഷൻ, കൂടാതെ മതബോധന രംഗത്തെ വിവിധങ്ങളായ ഫോമുകളും ഡിജിറ്റലൈസ്ഡ് രൂപത്തിൽ നൽകാനും ഇടവകയിൽ സൂക്ഷിക്കാനും കഴിയും.

**e) സംഘടനകൾ:** ഇടവകയിൽ പ്രവർത്തിക്കുന്ന സംഘട നാംഗങ്ങളുടെ രജിസ്ട്രേഷൻ, അംഗത്വവിവരങ്ങൾ. ഐ. ഡി. കാർ ഡുകൾ എന്നിവ ഉപയോഗിക്കാനുള്ള സംവിധാനം നൽകുന്നു. സംഘടനകളിലേക്കുള്ള രജിസ്ട്രേഷൻ നടത്താനും ഇത് ഉപകാരപ്പെടും. മുൻകാല സംഘടന പ്രവർത്തകർ, നേതൃത്വം വഹിച്ചവർ, ഭാരവാഹികൾ എന്നിവരെ സംബന്ധിക്കുന്ന വിവരങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**f) വിദ്യാപീഠം:** ഇടവകയിലെ 9, 10, 11, 12 ക്ലാസുകളിലെ കുട്ടികൾ ക്കായി വിദ്യാഭ്യാസ- തൊഴിൽമേഖലയിൽ പുതിയ വിവരങ്ങൾ ലഭ്യമാകുന്ന ഓൺലൈൻ സംവിധാനമാണിത്. കുട്ടികൾക്ക് വ്യക്തിപരമായി പ്രൊഫയൽ നിർമ്മിച്ച് *കരിക്കുലം വിത്തേ* രൂപപ്പെടുത്താനും അത് അപ്ഡേറ്റ് ചെയ്യാനും പ്രിന്റ് എടുക്കാനും സൗകര്യമുണ്ടാകും. കുട്ടികളുടെ ഐ.ഡി. കാർഡുകൾ, ബാങ്ക് വിവരങ്ങൾ എന്നിവ സൂക്ഷി ക്കാനും അർഹതയുള്ള സ്കോളർഷിപ്പുകൾ, സംവരണങ്ങൾ എന്നിവ മനസിലാക്കും ഇതിൽ സംവിധാനമുണ്ട്. തൊഴിൽ സംബന്ധമായ വിവരങ്ങൾ, വിദ്യാഭ്യാസ മേഖലയിലെ 2000 ൽ അധികം വരുന്ന കോഴ്സുകളെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ എന്നിവ വിദ്യാപീഠത്തിലൂടെ ലഭിക്കുന്നു.

## ഇടവകയിൽ ചെയ്യേണ്ട കാര്യങ്ങൾ

**1. ഇടവക ഡിജിറ്റലൈസേഷൻ കോഡിനേറ്റർ**

ഇടവക സൈറ്റിലേക്കും മാനേജ്മെന്റ് സിസ്റ്റത്തിലേക്കും ആത്മ സ്ഥിതിവിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനും പ്രാഥമികഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും തുടർന്ന്, വെബ് സൈറ്റ് കൈകാര്യം ചെയ്യുന്നതിന് ഇടവകയിൽ നിന്നും ഒരു പ്രതിനിധിയെ തെരഞ്ഞെടുക്കണം. പ്രതിനിധിയുടെ വിവരങ്ങൾ ബഹു. ജോർജ് വെള്ളയ്ക്കാകുടിയിൽ അച്ചനെ അറിയിക്കേണ്ട താണ്.

**2. വെബ്സൈറ്റിലേക്ക് വിവരങ്ങൾ ചേർക്കുക.**

ഇടവക സംബന്ധമായ നിലവിലുള്ള വിവരങ്ങൾ വെബ്സൈറ്റിലേക്ക് അപ്‌ലോഡ് ചെയ്യേണ്ടതുണ്ട്. ഇതിനുള്ള ഫോർമേഷൻ പ്രതിനിധികൾക്ക് നൽകു ന്നതായിരിക്കും. ഇടവക ചരിത്രം വെബ്സൈറ്റിൽ ചേർക്കേണ്ടതാണ്. രൂപത യുടെ ജൂബിലി സുവനീർ (2009) ഇതിനായി നിങ്ങൾക്ക് പ്രയോജനപ്പെടുത്താം.

**3. ആത്മസ്ഥിതി വിവരങ്ങളുടെ പൂർത്തീകരണം, വെരിഫിക്കേഷൻ**

പുതിയ യൂണിറ്റുകൾ, പുതിയ കുടുംബങ്ങൾ, ജനിച്ച കുട്ടിക ളുടെയും മരിച്ച വ്യക്തികളുടെയും വിവരങ്ങൾ, വിവാഹം ചെയ്തു വന്നവരെ സംബന്ധിച്ചുള്ള വിവരങ്ങൾ, വിവിധ രജിസ്റ്ററുകളിൽ ഉള്ള തീയതികൾ തുടങ്ങിയ ആത്മസ്ഥിതി വിവരങ്ങൾ മാനേജ്മെന്റ് പ്ലാറ്റ്ഫോമിലേക്ക് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**4. കാറ്റക്കസം ഡിജിറ്റലൈസേഷൻ കോഡിനേറ്റർ:** നിലവിൽ ഇടവകകളിൽ നിന്നും വേദപാഠ അധ്യാപക - പ്രതിനിധിയെ തിരഞ്ഞെടുത്ത് പരിശീലനം നൽകി വരുന്നുണ്ട്. 9,10, 11, 12 വേദപാഠ ക്ലാസുകളിലെ കുട്ടികളുടെ വിവരങ്ങളാണ് ഇപ്പോൾ അപ്‌ലോഡ് ചെയ്തുവരുന്നു. അടുത്തവർഷം ബൈബിൾ നഴ്സറി മുതലുള്ള കുട്ടികളുടെ വിവരങ്ങൾ ചേർക്കുന്നതായിരിക്കും.

**5. ഇടവകയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ:**

ഇടവകയിലുള്ള സ്ഥാപനങ്ങൾ, സന്യാസ ഭവനങ്ങൾ, കപ്പേളകൾ, സിമിത്തേരി, ഇടവക അംഗങ്ങളുടെ കണക്ക്, സ്ഥലം തുടങ്ങിയ പൊതുവിവര ങ്ങൾ പൂരിപ്പിക്കേണ്ടതാണ്.

പുതിയ രൂപത സൈറ്റ് അഡ്രസ്സ് : thamarasserydiocese.com

വിവരങ്ങൾ അയക്കേണ്ട മെയിൽ അഡ്രസ്: digidiocesetmsy@gmail. com or 9645776746 – Whats App.

**ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്**
ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ

# വിശ്വാസപരിശീലനം

### അഭിവന്ദ്യ പിതാവിന് തിരുനാൾ ആശംസകൾ

താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നാമഹേതുക തിരുനാൾ ദിനത്തിൽ രൂപതാ മതബോധന സമതി പിതാവിന് തിരുനാൾ ആശംസകൾ നേർന്നു.

### Faith @ Parish ബാലുശ്ശേരി

സെപ്റ്റംബർ 29 ഞായറാഴ്ച്ച ബാലുശ്ശേരി ഇടവകയിൽ രൂപത മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ സന്ദർശനം നടത്തുകയും. വി. ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും, കുട്ടികൾക്ക് സന്ദേശം നല്കുകയും, മതാധ്യാപകരെ കണ്ട് മതബോധന പ്രവർത്ത നങ്ങൾ വിലയിരുത്തുകയും ചെയ്തു.

### ലൂമിന 13

ഒക്ടോബർ 2 ബുധനാഴ്ച്ച പെരിന്തൽമണ്ണ മേഖലയിലെ യുവജനങ്ങൾക്കായുള്ള ലൂമിന പ്രോഗ്രാം പെരിന്തൽമണ്ണ ഫൊറോന ദേവാലയത്തിൽ വച്ച് നടന്നു. പെരിന്തൽമണ്ണ മേഖലയിലെ എല്ലാ ഇടവകകളിൽ നിന്ന് 320 യുവജനങ്ങൾ പങ്കെടുത്തു. ഈ വർഷത്തെ ലൂമിന പ്രോഗ്രാം എല്ലാ മേഖലകളിലും പൂർത്തിയായി.

### ലഹരി വിരുദ്ധ ദിനം

ഒക്ടോബർ 6 ഞായറാഴ്ച്ച താമരശ്ശേരി രൂപതയിലെ എല്ലാ ഇടവകകളിലും ലഹരി വിരുദ്ധ ദിനം ആചരിച്ചു. എല്ലാ സൺഡേ സ്കൂളുകളിലും ലഹരി വിരുദ്ധ ദിന പ്രതിജ്ഞ ചൊല്ലി.

### Power Cell - 9

ഒക്ടോബർ 24 വ്യാഴാഴ്ച്ച കൂമംകുളം സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ കൂമംകുളം, മഞ്ചേരി, പന്തല്ലൂർ, പയ്യനാട്, എന്നീ ഇടവകകളിൽ നിന്നും മതാധ്യാപകർ പങ്കെടുത്തു. അഭിവന്ദ്യപിതാവിന്റെ സാന്നിധ്യം വളരെ അനുഗ്രഹപ്രദമായിരുന്നു.

### അർധവാർഷിക പരീക്ഷ ചോദ്യപേപ്പർ വിതരണം

2024-25 വിശ്വാസപരിശീലനവർഷത്തെ അർധവാർഷിക പരീക്ഷയുടെ ചോദ്യപേപ്പറുകൾ മേഖലാ കമ്മിറ്റിക്കു നൽകി.

## Power Cell 10

ഒക്ടോബർ 26 ശനിയാഴ്ച്ച ചെമ്പുകടവ് സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ ചെമ്പുകടവ്, വലിയകൊല്ലി, കൂരോട്ടുപാറ, മഞ്ഞുമല, മഞ്ഞുവയൽ എന്നീ ഇടവകകളിൽ നിന്നും അധ്യാപകർ പങ്കെടുത്തു. അഭിവന്ദ്യ പിതാവ് അധ്യാപകർക്ക് ക്ലാസ്സെടുത്തു.

## ACC 13,14,15 Online Class

ACC 13 : "യേശു ഏക രക്ഷകൻ" എന്ന വിഷയത്തെക്കുറിച്ച് ഫാ. മാത്യു തൂമുള്ളിൽ ക്രിസ്തീയത നേരിടുന്ന വെല്ലുവിളികൾ" എന്ന വിഷയത്തെ കുറിച്ച് ഫാ. പീറ്റർ പൂതർമണ്ണിൽ ക്ലാസ്സ് എടുത്തു.

ACC 14 : ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിധ്യം ഇന്ന് (രണ്ടാം ഭാഗം)" എന്ന വിഷയത്തെ കുറിച്ച് ഫാ. ചെറിയാൻ പൊങ്ങൻപാറയും "ജീവന്റെ മൂല്യം – അഞ്ചാം പ്രമാണം" എന്ന വിഷയത്തെക്കുറിച്ച് സോണിമോൻ സേവ്യറും ക്ലാസ്സ് എടുത്തു.

ACC 15 : മനസാക്ഷി : വ്യക്തിനിഷ്ടമായ ധാർമിക ഉറവിടം", "നീതിയും ന്യായവും" എന്ന വിഷയങ്ങളെ കുറിച്ച് മി. ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു. "വിവാഹമെന്ന കൂദാശ" എന്ന വിഷയത്തെക്കുറിച്ച് ഫാ. ജോസ് പെണ്ണാപറമ്പിൽ ക്ലാസ്സ് എടുത്തു.

## Media Catechesis – ഒരു വചനം

ദൈവവചനം ആഴത്തിൽ ഹൃദയത്തിൽ സംഗ്രഹിക്കാൻ കുട്ടികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഒരു വചനം എന്ന പ്രോഗ്രാം വിശ്വാസപരിശീലനം യൂട്യൂബ് ചാനൽ വഴി ആരംഭിച്ചു. ഇതിനോടകം 15 കുട്ടികൾ വചനം ഹൃദ്യസ്ഥമാക്കി അവതരിപ്പിച്ചു.

## Faith Drop

കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം കൂടുതൽ ആഴത്തിൽ പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ Faith Drop എന്ന പ്രോഗ്രാം കാറ്റെക്കിസം യൂട്യൂബ് ചാനൽ വഴി ആരംഭിച്ചു. വിശ്വാസ സത്യങ്ങളെ ചെറുചോദ്യോത്തരങ്ങളായി അവതരിപ്പിക്കുന്ന പ്രോഗ്രാമാണിത്.

## വീഡിയോകൾ

ACC 13,14,15 ന്റെ Online ക്ലാസ്സുകൾ, ലൂമിന, Power Cell, Faith @ Parish, Interveiws എന്നിവയുടെ വീഡിയോകൾ കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

## Mission Quest

സീറോ മലബാർ മിഷൻ, വിശ്വാസപരിശീലന ഓഫീസുകൾ സംയുക്തമായി നടത്തിക്കൊണ്ടിരിക്കുന്ന നാലാമത്തെ Mission Quest 2024 ഓൺലൈൻ ക്വിസ് പ്രോഗ്രാം ഡിസംബർ 14 ശനി വൈകിട്ട് 6 മണിക്ക് നടക്കുന്നതാണ്.

## NOVEMBER 2024

01 വെള്ളി - സകല വിശുദ്ധരുടെയും തിരുനാൾ

02 ശനി - സകല മരിച്ചവരുടെയും ഓർമ

03 ഞായർ - പള്ളിക്കൂദാശാക്കാലം 1-ാം ഞായർ
മതബോധന അർധവാർഷിക പരീക്ഷ (11am - 01 pm)

04 തിങ്കൾ - വി. ചാൾസ് ബൊറോമിയോ

06 ബുധൻ - വി. സഖറിയായും വി. ഏലീശ്വായും
Power Cell -9 : പെരുവണ്ണാമൂഴി സെന്റർ (ചക്കിട്ടപ്പാറ, കുളത്തുവയൽ, മുതുകാട്, പേരാമ്പ്ര, പെരുവണ്ണാമൂഴി, നരിനട)
Power Cell : കരിങ്ങാട് സെന്റർ (ചാത്തങ്കോട്ടുനട, ചാപ്പൻതോട്ടം, പൊയിലോംചാൽ, പി.ടി. ചാക്കോ നഗർ, പൂതംപാറ, കരിങ്ങാട്)

08 വെള്ളി - രൂപതതാതല പ്രതിഭാസംഗമം (HCC II), PMOC

09 ശനി - രൂപതതാതല പ്രതിഭാസംഗമം (HCC II), PMOC

10 ഞായർ - പള്ളിക്കൂദാശാക്കാലം 2-ാം ഞായർ
മതാധ്യാപക ദിനം (ഇടവകകളിൽ മതാധ്യാപകരെ ആദരിക്കുന്നു)
ACC 13, 14, 15 Online Class - 11
രൂപതതാതല പ്രതിഭാസംഗമം (HCC II), PMOC

14 വ്യാഴം - Power Cell 14 : കടലുണ്ടി സെന്റർ (തേഞ്ഞിപ്പലം, കടലുണ്ടി, കുണ്ടായിത്തോട്, പരപ്പനങ്ങാടി)

17 ഞായർ - പള്ളിക്കൂദാശാക്കാലം 3-ാം ഞായർ

23 ശനി - Power Cell 15 : അശോകപുരം സെന്റർ (അമലാപുരി, ഈസ്റ്റ് ഹിൽ, അശോകപുരം, പാറോപ്പടി, മാങ്കാവ്)

24 ഞായർ - പള്ളിക്കൂദാശാക്കാലം 4-ാം ഞായർ
മിശിഹായുടെ രാജത്വ തിരുനാൾ

ACC 13, 14, 15 Online Class - 12

25 തിങ്കൾ – Power Cell -16 : കരിമ്പ് സെന്റർ (പുല്ലൂരാംപാറ, ആനക്കാംപൊയിൽ, മുത്തപ്പൻപുഴ, കരിമ്പ്)

30 ശനി – വി. അന്ത്രയോസ് ശ്ലീഹാ

Power Cell - 18 : കട്ടാങ്ങൽ സെന്റർ (കുന്ദമംഗലം, ചേവായൂർ, മാവൂർ, ദേവഗിരി, കട്ടാങ്ങൽ)

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# വൊക്കേഷൻ ബ്യൂറോ

### ഇടവക സന്ദർശനം

ദൈവവിളി പ്രോത്സാഹനത്തിന്റെ ഭാഗമായി എല്ലാ ഞായറാഴ്ച യും വിവിധ ഇടവകകൾ സന്ദർശിക്കുകയും വി. കുർബ്ബാന അർപ്പി ക്കുകയും ചെയ്യുന്നു. വി. കുർബ്ബാനയ്ക്കു ശേഷം കുട്ടികളെ കാണു കയും സംസാരിക്കുകയും വിവിധ ദൈവവിളികളെക്കുറിച്ച് അവർക്ക് ക്ലാസ്സെടുക്കുകയും വിവിധ ദൈവവിളികളിലേക്ക് കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

### തലശ്ശേരി അതിരൂപത റീജണൽ വൊക്കേഷൻ മീറ്റിംഗ്

തലശ്ശേരി അതിരൂപതയുടെ റീജണൽ വൊക്കേഷൻ ടീമിന്റെ ഓൺലൈൻ മീറ്റിംഗ് 2024 ഒക്ടോബർ 14-ാം തിയ്യതി നടന്നു. തലശ്ശേരി അതിരൂപതയിലെ വിവിധ രൂപതകളിൽ ദൈവവിളിയെ പ്രോത്സാ ഹിപ്പിക്കുന്നവരുടെ ഒത്തുചേരലിനുള്ള അവസരമായിരുന്നു പ്രസ്തുത മീറ്റിംഗ്. വൊക്കേഷൻ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ ജോസഫ് അരുമച്ചാടത്ത് പിതാവും, മാർ മാത്യു നെല്ലിക്കുന്നേൽ പിതാവും, മാർ വിൻസെന്റ് നെല്ലായിപ്പറമ്പിൽ പിതാവും മീറ്റിംഗിൽ പങ്കെടുത്തു. താമരശ്ശേരി രൂപതയിൽ നിന്നും വൈദികരും, സന്യസ്ത രും, അൽമായ പ്രേഷിതരുമടക്കം 28 ഓളം പേർ മീറ്റിംഗിൽ പങ്കെ ടുത്തു.

**ഫാ. ജോർജ് പുരയിടത്തിൽ**
ഡയറക്ടർ വൊക്കേഷൻ ബ്യൂറോ

# മദ്ബഹ ശുശ്രൂഷ സംഘം (SMART)

### ഇടവക സന്ദർശനം

സ്മാർട്ട് സംഘടനയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും വിലയിരുത്താനും ഇടവകകൾ സന്ദർശിച്ച് വരുന്നു. സെപ്റ്റംബർ 29-ാം തിയ്യതി പെരുവണ്ണാമുഴി ഇടവകയും, ഒക്ടോബർ 6-ാം തിയ്യതി കൂരാച്ചുണ്ട് ഇടവകയും, 13-ാം തിയ്യതി മുക്കം ഇടവകയും 20-ാം തിയ്യതി കുണ്ടുതോട് ഇടവകയും 27-ാം തീയതി കട്ടിപ്പാറ ഇടവകയും സന്ദർശിച്ചു. ഈ ഇടവകകളിൽ വി. കുർബ്ബാന അർപ്പിക്കുകയും അൾത്താര സംഘത്തെ ഒരുമിച്ചുകൂട്ടി വി. കുർബ്ബാനയിൽ പങ്കെടു ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ക്ലാസ്സെടുക്കുകയും ചെയ്തു.

### ഓൺലൈൻ ഇംഗ്ലീഷ് കോഴ്സ്

അൾത്താര സംഘത്തിലെ കുട്ടികൾക്കായി ഓൺലൈൻ ഇംഗ്ലീഷ് കോഴ്സ് ആരംഭിച്ചു. മോൺ അബ്രഹാം വയലിൽ ഒക്ടോ ബർ 5-ാം തിയ്യതി ഓൺലൈൻ കോഴ്സ് ഉദ്ഘാടനം ചെയ്തു. 206 കുട്ടികൾ ഈ കോഴ്സിൽ പങ്കെടുക്കുന്നുണ്ട്. രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ടിന്റെ സഹകരണ ത്തോടെയാണ് ഇംഗ്ലീഷ് കോഴ്സ് നടക്കുന്നത്. എല്ലാ ശനിയാഴ്ചയും വൈകുന്നേരം 7.30 മുതൽ 8.30 വരെയാണ് കോഴ്സിന്റെ സമയം.

### ഫോറോന സംഗമങ്ങൾ

മരുതോങ്കര ഫോറോന സംഗമം : അൾത്താര ബാലികാ - ബാലന്മാരുടെ മരുതോങ്കര ഫോറോന സംഗമം ഒക്ടോബർ 5-ാം തീയതി മരുതോങ്കര പാരിഷ്ഹാളിൽ വച്ച് നടന്നു. ഫൊറോന വികാരി ഫാ. ആന്റോ മൂലയിൽ സംഗമം ഉദ്ഘാടനം ചെയ്തു. 94 കുട്ടികൾ ഫൊ റോന സംഗമത്തിൽ പങ്കെടുത്തു. പ്രാർത്ഥ നയും ഗെയിമുകളും ക്ലാസ്സുകളുമായി സംഗമം രാവിലെ 10 മണിക്ക് ആരംഭിച്ച് ഉച്ചഭക്ഷണത്തോടെ സമാപിച്ചു.

കൂരാച്ചുണ്ട് ഫൊറോന സംഗമം : അൾത്താര ബാലിക-ബാലന്മാരുടെ കൂരാ ച്ചുണ്ട് ഫൊറോന സംഗമം കൂരാച്ചുണ്ട് പാരീഷ് ഹാളിൽ നടന്നു. ഫൊറോന വികാരി ബഹു. വിൻസെന്റ് കണ്ടത്തിലച്ചൻ സംഗമം ഉദ്ഘാടാനം ചെയ്തു. 185 കുട്ടികൾ സംഗമത്തിൽ പങ്കെടുത്തു. ഗെയിമുകളും ക്ലാസ്സുകളും പ്രാർത്ഥനയു മായി സംഗമം 2.30 ന് ആരംഭിച്ച് 5 മണിയോടെ സമാപിച്ചു.

### അനുദിന വചനം

കുട്ടികളെ വചനം പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്മാർ ട്ടിന്റെ എംബ്ലം വെച്ച് അനുദിന വചന പോസ്റ്റർ തയ്യാറാക്കി അൾത്താര ബാലിക - ബാലന്മാരുടെ ഗ്രൂപ്പുകളിലേക്ക് അയച്ചു നൽകുന്നു.

**ഫൊറോന ഇലക്ഷൻ**

സ്മാർട്ട് സംഘടനയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഫൊറോനകളിൽ ഫൊറോന ടീമിന്റെ ഇലക്ഷൻ നടന്നു വരുന്നു. മരുതോങ്കര, കൂരാച്ചുണ്ട് ഫൊറോനകളിൽ ഇലക്ഷൻ നടത്തുകയും ഫൊറോന ആനിമേറ്ററെയും, കുട്ടികളിൽ നിന്ന് ഫൊറോനകളിലേക്കുള്ള വിവിധ തസ്തികകളിൽ ഇലക്ഷൻ നടത്തുകയും ചെയ്തു.

**ഫാ. ജോർജ്ജ് പുരയിടത്തിൽ**
ഡയറക്ടർ, SMART

---

## ബൈബിൾ അപ്പോസ്തൊലേറ്റ്

ലോഗോസ് ക്വിസ് 2024: സെപ്റ്റംബർ 29-ന് നടന്ന അഖിലകേരള ലോഗോസ് ബൈബിൾ ക്വിസിൽ താമരശ്ശേരി രൂപതയിൽ നിന്നും 14,724 പേർ പങ്കെടുത്തു. ലോഗോസ് ക്വിസ് വിജയകരമായി നടത്താൻ നേതൃത്വം നൽകിയ വികാരിയച്ചന്മാരെയും മതാധ്യാപകരെയും നന്ദിയോടെ ഓർക്കുന്നു. ഓരോ ഇടവകയിൽ നിന്നും A ഗ്രൂപ്പിൽ 60% മറ്റു ഗ്രൂപ്പുകളിൽ 70% മുകളിൽ മാർക്ക് ലഭിച്ചവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. രൂപതയിൽ നിന്ന് ഓരോ ഗ്രൂപ്പിലും വിജയിച്ച് സംസ്ഥാന മത്സരത്തിന് അർഹരായവരുടെ പേരുകൾ താഴെ കൊടുക്കുന്നു:

**Category - A**

I. Sanjeev Joshy Arackaparambil (Padathukadavu)
II. Levin Sunil Kezhaplackal (Koorottupara)
III. Jeron Tom Joshy Ponnamattam (Koodathai)

**Category - B**

I. Liya Treesa Sunil Kezhaplackal (Koorottupara)
II. Anna Saneesh Thonakkara (Koodaranji)
III. Angel Sebastian Puthenpurakkal (Vilangad)

**Category - C**

I. Sr. Josna Maria FCC (Paroppady)
II. Simi Maria KS Kollanoor (Paroppady)
III. Elizabeth Thuruthimatam (Thekkumkutty)

**Category - D**

I. Dona Vincent Puliyilakkattu (Koorottupara)
II. Jissy Agga Marottikuzhy (Koorachundu)
III. Tintu Jacob Medayil Puthenveettil (Amalapuri)

**Category - E**

I. Dr Celine Perumpally (East Hill)
II. Beena Joseph Vayalil (Mankavu)
III. Celine Purayidathil (Thottumukkam)

**Category - F**

I. Mathew Thykkunnumpurath (Koorachundu)
II. Rosamma Jose Madappattu (Paroppady)
III. Sali George Kappilumakkal (Pandalloor)

**ഫാ. മാറ്റസ് കോരംകോട്ട്**
ഡയറക്ടർ, ബൈബിൾ അപ്പോസ്തൊലേറ്റ്

## സെമിനാരി വാർത്ത

### ബാസ്ക്കറ്റ്ബോൾ വോളിബോൾ കോച്ചിംഗ്

മൈനർ സെമിനാരിയിലെ ബ്രദേഴ്സ് തങ്ങളുടെ അവധിക്ക്ശേഷം സെപ്റ്റംബർ 25 ന് തിരിച്ചുവന്നു. അന്ന് മുതൽ ബാസ്ക്കറ്റ്ബോൾ, വോളിബോൾ പരിശീലനങ്ങൾ ആരംഭിച്ചു. അവരുടെ കായിക ക്ഷമത വർദ്ധിപ്പിക്കാനായി സംഘടിപ്പിച്ച കോച്ചിംഗ് ക്യാമ്പിൽ ബാസ്ക്കറ്റ്ബോൾ പരിശീലനം നൽകിയത് ഫാ. ജോസഫ് പാലക്കാട്ട്, ഫാ. അമൽ പുരിയിടത്തിൽ, ഫാ. ജോയൽ കുമ്പുക്കൽ എന്നിവരുടെയും കോടഞ്ചേരി ഹൈസ്കൂൾ കായിക അധ്യാപകൻ ശ്രീ. അനൂപിന്റെയും നേതൃത്വത്തിലായിരുന്നു.

### മാസ ധ്യാനം

സെപ്റ്റംബർ മാസത്തെ ധ്യാനം 28,29 ദിവസങ്ങളിലായി ബഹു. ഡൊമിനിക് കുഴിവേലി അച്ചൻ നയിച്ചു.

### നവ വൈദികന് സ്വാഗതം

താമരശ്ശേരി രൂപതയ്ക്ക് വേണ്ടി വൈദിക പഠനം പൂർത്തിയാക്കി പുല്ലൂരാം

പാറ ഇടവകയിൽ വച്ച് പൗരോഹിത്യ പട്ടം സ്വീകരിച്ച ബഹു. കുര്യൻ ചെറുശ്ശേരി അച്ചന് മാതൃഭവനത്തിൽ സ്വീകരണം നൽകി. ഒക്ടോബർ രണ്ടാം തീയതി വൈകുന്നേരം ഏഴുമണിക്ക്ജ്യോതിസച്ചൻ വിശുദ്ധ ബലിയർപ്പിച്ച് വചന സന്ദേശം നൽകി. തുടർന്നുള്ള ആഘോഷങ്ങളിലും സ്നേഹവിരുന്നിലും പങ്കെടുക്കുകയും ചെയ്തു.

**മേജർ സെമിനാരി വിദ്യാർത്ഥികളുടെ സംഗമം**

താമരശ്ശേരി രൂപതയ്ക്ക് വേണ്ടി വിവിധ മേജർ സെമിനാരികളിൽ പരിശീലനത്തിനുള്ള ബ്രദേഴ്സ് തങ്ങളുടെ അവധി ആരംഭിച്ച ഒക്ടോബർ ഏഴാം തീയതി മാതൃഭവനത്തിൽ ഒരുമിച്ചു കൂടി. അവർ തങ്ങളുടെ കുഞ്ഞൻ അനുജന്മാരായി സൗഹൃദം പങ്കിടുകയും, വൈകുന്നേരം നടന്ന ബാസ്ക്കറ്റ്ബോൾ മത്സരത്തിൽ മൈനർ സെമിനാരിയിലെ ബ്രദേഴ്സുമായി മത്സരിക്കുകയും ചെയ്തു.

തുടർന്ന് എല്ലാവരും ഒരുമിച്ചു കൂടി പ്രാർത്ഥിക്കുകയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. അത്താഴത്തിനു ശേഷം എല്ലാവരും സ്വഭവനങ്ങളിലേക്ക് മടങ്ങിപ്പോയി.

**നാമഹേതുക തിരുനാൾ**

സെമിനാരിയിലെ ആധ്യാത്മിക പിതാവും അധ്യാപകനുമായ ബഹു. അബ്രഹാം കൊച്ചിലാത്തച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.

**ഹോംഡേ മത്സരങ്ങൾ ആരംഭിച്ചു**

സെമിനാരി കുടുംബ ദിനാഘോഷങ്ങൾക്ക് ഒക്ടോബർ ഒൻപതിന് തുടക്കം കുറിച്ചു. ഒരു മാസത്തിലേറെ നീണ്ടുനിൽക്കുന്ന മത്സരങ്ങൾക്കാണ് തിരശ്ശീല ഉയർന്നത്. സെമിനാരി കുടുംബം Hunter's And Gatherers എന്നിങ്ങനെ രണ്ട് ടീമായി തിരിഞ്ഞാണ് മത്സരങ്ങൾ നടക്കുന്നത്.

**കുന്നോത്ത് മേജർ സെമിനാരി ഡീക്കന്മാർ സെമിനാരി സന്ദർശിച്ചു**

കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിലെ 25 ഡീക്കന്മാർ താമരശ്ശേരി രൂപത മൈനർ സെമിനാരി സന്ദർശിച്ചു. ഒക്ടോബർ പതിനഞ്ചാം തീയതി ഉച്ചയോടെ അവർ സെമിനാരിയിൽ വരികയും സ്നേഹവിരുന്നിൽ പങ്കെടുക്കുകയും ചെയ്തു. മൈനർ സെമിനാരിയിലെ അനുജന്മാരോട് സൗഹൃദ ബാസ്ക്കറ്റ്ബോൾ മത്സരം നടത്തുകയും ചെയ്തു.

**മിഷൻ ഞായർ**

അൽഫോൻസ മൈനർ സെമിനാരിയിൽ വച്ച് മിഷൻ ഞായറിനോട് അനുബന്ധിച്ച്, മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി, ഫണ്ട് ശേഖരണാർത്ഥം, വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഈ പരിപാടിയിൽ സഹകരിക്കാൻ ബിഷപ്പ്സ് ഹൗസിൽ നിന്നും ചാവറ മഠത്തിൽ നിന്നും വൈദികരും സന്യസ്തരും വന്ന് ബ്രദേഴ്സിന് സഹകരണവും പ്രോത്സാഹനവും നൽകി.

**കൊന്ത നമസ്കാരം**

സെമിനാരിയിൽ 10 ദിവസത്തെ ആഘോഷമായ കൊന്ത നമസ്കാരം നടന്നു. വിവിധ ബാച്ചുകളിലെ ബ്രദേഴ്സ് ഓരോ ദിവസവും ഏറ്റെടുത്ത് നിയോഗങ്ങൾ സമർപ്പിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ, അൽഫോൻസ സെമിനാരി

# ചെറുപുഷ്പ മിഷൻലീഗ്

• ചെറുപുഷ്പ മിഷൻ ലീഗിന്റെ സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ, അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ നാമഹേതുക തിരുനാൾ എന്നിവ സംയുക്തമായി ആഘോഷിച്ചു. അതോടനുബന്ധിച്ച് വീഡിയോ, ആശംസ കാർഡ് നിർമ്മാണം എന്നിവ നടത്തുകയും ചെയ്തു.

• ഒക്ടോബർ മാസം മിഷൻ മാസാചരണം നടത്തുകയും പരിശുദ്ധ അമ്മയോട് ചേർന്ന് മിഷൻ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

• സെപ്റ്റംബർ 29ന് ഓരോ ശാഖയിലെയും വികാരിയച്ചൻവെഞ്ചിരിച്ചു നൽകിയ മൂന്ന് ജപമാലകൾ ശാഖയിലെ എല്ലാ കുഞ്ഞു മിഷനറിമാരിലൂടെയും കൈമാറി തങ്ങൾക്ക് ലഭിച്ച മിഷൻ ഗ്രാമത്തിനായി ജപമാല ചൊല്ലി ഒക്ടോബർ മാസം മുഴുവൻ പ്രാർത്ഥിച്ചു.

• ഒക്ടോബർ 6ന് മിഷൻ മീറ്റ് 2k24 ( മിഷൻ പ്രദേശങ്ങളെ പരിചയപ്പെടുത്തുന്ന പ്രോഗ്രാം) ആരംഭിച്ചു.

• ഒക്ടോബർ 13ന് മിഷൻ സഹായനിധി 2സ24 സമാഹരിച്ചു. മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി ഒരു നേരത്തെ ഭക്ഷണം ഒഴിവാക്കി മിഷൻ ലീഗ് അംഗങ്ങൾ എല്ലാവരും ആ തുക മിഷൻ സഹായനിധിയിലേയ്ക്ക് നൽകി.

• ഒക്ടോബർ 20: മിഷൻ ഞായർ സമുചിതമായി ഓരോ ശാഖയിലും ആഘോഷിച്ചു. മിഷൻ പ്രദേശത്ത് സേവനം ചെയ്യുന്ന വൈദികർക്കും സിസ്റ്റേഴ്സിനും തങ്ങളുടെ മിഷൻ അനുഭവങ്ങൾ പങ്കുവെക്കാൻ ശാഖയിൽ അവസരം ഒരുക്കി.

• ഒക്ടോബർ 27 ന് മിഷൻ ക്വിസ് 2024 ക്വിസ് മത്സരം ശാഖ തലത്തിൽ നടത്തി.

- സി എം എൽ എഴുപത്തിയെട്ടാം ജന്മദിന ആഘോഷം നടത്തി.

ഒക്ടോബർ 3ന് ചെറുപുഷ്പ മിഷൻ ലീഗിന്റെ 78-ാം ജന്മദിനം ആഘോഷിച്ചു. പോസ്റ്റർ, സ്റ്റാറ്റസ് വീഡിയോ എന്നിവ തയ്യാറാക്കി നൽകി.

### 2023-24 പ്രവർത്തന വർഷത്തെ മികച്ച മേഖല, ശാഖ പ്രഖ്യാപനം

ഒക്ടോബർ ആറിന് 2023 - 24 പ്രവർത്തന വർഷത്തെ മികച്ച ശാഖകളും മേഖലകളും പ്രഖ്യാപിച്ചു. മേഖലാതലത്തിൽ പെരിന്തൽമണ്ണ ഗോൾഡൻ സ്റ്റാർ പുരസ്കാരവും, തിരുവമ്പാടി സിൽവർ സ്റ്റാർ പുരസ്കാരവും, കോടഞ്ചേരി മിഷൻ സ്റ്റാർ പുരസ്കാരവും കരസ്ഥമാക്കി. ശാഖാതലത്തിൽ കട്ടിപ്പാറ ഗോൾഡൻ സ്റ്റാർ, മാലാപറമ്പ് സിൽവർ സ്റ്റാർ, മരിയാപുരം മിഷൻ സ്റ്റാർ പുരസ്കാരവും നേടി.

### പ്രേഷിതം 2k24

ഈ വർഷത്തെ സി എം എൽ രൂപത കലോത്സവം പ്രേഷിതം 2k24 ഒക്ടോബർ 12ന് കോളേജിൽ വച്ച് നടത്തപ്പെട്ടു. ഉദ്ഘാടന സമ്മേളനത്തിൽ വെച്ച് വിവിധ മത്സരങ്ങളുടെ സമ്മാനങ്ങൾ വിതരണം ചെയ്തു. 2023 - 24 പ്രവർത്തന വർഷത്തെ മികച്ച മേഖലകൾക്കും ശാഖകൾക്കും ഉള്ള ട്രോഫിയും വിതരണം ചെയ്തു.

### മികച്ച മേഖലകൾ

| | | |
|---|---|---|
| ഗോൾഡൻ സ്റ്റാർ | : | പെരിന്തൽമണ്ണ |
| സിൽവർ സ്റ്റാർ | : | തിരുവമ്പാടി |
| മിഷൻ സ്റ്റാർ | : | കോടഞ്ചേരി |

### മികച്ച ശാഖകൾ

| | | |
|---|---|---|
| ഗോൾഡൻ സ്റ്റാർ | : | കട്ടിപ്പാറ |
| സിൽവർ സ്റ്റാർ | : | മാലാപറമ്പ് |
| മിഷൻ സ്റ്റാർ | : | മരിയാപുരം |

### A+ ഗ്രേഡ് നേടിയ ശാഖകൾ

| | | |
|---|---|---|
| 1. കൂരാച്ചുണ്ട് | 2. ഈങ്ങാപ്പുഴ | 3. കോടഞ്ചേരി |
| 4. കല്ലാനോട് | 5. വലിയ കൊല്ലി | 6. തിരുവമ്പാടി |
| 7. കണ്ണോത്ത് | 8. കരുവാരകുണ്ട | 9. ചക്കിട്ടപാറ |

സമാപന സമ്മേളനത്തിൽ വച്ച് കലോത്സവ വിജയികൾക്കുള്ള സർട്ടിഫി

ക്കറ്റും ഏറ്റവും കൂടുതൽ പോയിന്റ് നേടിയ കൂരാച്ചുണ്ട്, തിരുവമ്പാടി, പാറോപ്പടി മേഖലകൾക്കും, കൂരാച്ചുണ്ട്, മരിയാപുരം, കൂടരഞ്ഞി ശാഖകൾക്കും ഉള്ള ട്രോഫികളും വിതരണം ചെയ്തു.

### ബേത്സഥാ 2k24 അഗതി മന്ദിര സന്ദർശനം

മിഷൻ മാസാചരണത്തോടനുബന്ധിച്ച് ശാഖ തലം മുതൽ രൂപത തലം വരെ കാരുണ്യ പ്രവർത്തനഭാഗമായി അഗതി സന്ദർശനം നടത്തി.

### സംസ്ഥാന സമിതിയുടെ സന്ദർശനം

2023-24 പ്രവർത്തന വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് വേണ്ടി സംസ്ഥാന സമിതി അംഗങ്ങൾ രൂപതയിലെ പെരിന്തൽമണ്ണ, തിരുവമ്പാടി മേഖലകളും, കട്ടിപ്പാറ, മാലാപറമ്പ്, മരിയാപുരം എന്നീ ശാഖകളിലും സന്ദർശനം നടത്തി.

### നവംബർമാസ പ്രോഗ്രാം

01 വെള്ളി - സകല വിശുദ്ധരുടെ തിരുനാൾ

02 ശനി - സകല മരിച്ചവരുടെ തിരുനാൾ, സിമിത്തേരിസന്ദർശനം

03 ഞായർ - അഞ്ചു മക്കളിൽ കൂടുതലുള്ള കുടുംബങ്ങളെ ഇടവകയിൽ ആദരിക്കുന്നു

04 തിങ്കൾ - വിശുദ്ധ ചാൾസ് ബറോമിയോയുടെ തിരുനാൾ മതാധ്യാപക ദിനം

09 ശനി - സംസ്ഥാന കലോത്സവം

10 ഞായർ - എക്സിക്യൂട്ടീവ് മീറ്റിംഗ്

17 ഞായർ - രൂപത മേഖല വൈസ് ഡയറക്ടർമാരുടെ ഓൺലൈൻ സംഗമം

22 വെള്ളി - വി. സിസിലി പുണ്യവതിയുടെ തിരുനാൾ - ഗായകസംഘത്തെ ആദരിക്കുന്നു.

24 ഞായർ - മിശിഹായുടെ രാജത്വ തിരുനാൾ, റാലി, ക്രിസ്തുമസ് സുകൃത മഞ്ജരി നൽകുന്നു, ദിവ്യകാരുണ്യത്തണലിൽ എല്ലാം മേഖ കേന്ദ്രങ്ങളിലും ഒരു മണിക്കൂർ ആരാധന

### *പ്രവർത്തനങ്ങൾ*

* സിമിത്തേരി സന്ദർശനം
* രാജത്വതിരുനാൾ ദിനത്തിൽ റാലി നടത്തുന്നു
* സുകൃതമഞ്ജരി നൽകുന്നു

* സകല വിശുദ്ധരുടേയും ഡോക്യുമെന്ററി തയ്യാറാക്കി പ്രചരിപ്പിക്കുക
* ദേവാലയ ഗായക സംഘം വിപുലീകരിച്ച് സജീവമാക്കുക
* സകല മരിച്ചവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നു.
* മതാധ്യാപക ദിനം സമുചിതമായി ആചരിക്കുന്നു.
* അതാത് തലങ്ങളിൽ മതാധ്യാപകരെ ആദരിക്കുന്നു. പ്രാർത്ഥിക്കുന്നു.
* ഈശോയുടെ രാജത്വ തിരുനാൾ ശാഖകൾ ചേർന്നു ആഘോഷിക്കുന്നു.
* സംഘടനയിൽ നിന്നും മരണമടഞ്ഞവർക്കായി പ്രാർത്ഥിക്കുന്നു. കബറിടം സന്ദർശിക്കുന്നു.
* മേഖല മാനേജിംഗ് കമ്മറ്റി (24.11.2024) ആരാധന നടത്തുന്നു

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്

# വിദ്യാഭ്യാസരംഗം

### കോർപ്പറേറ്റുതല മെഗാ ക്വിസ് (TALENTIA 1.0)

കോർപ്പറേറ്റുതല മെഗാ ക്വിസ് പ്രോഗ്രാമിന്റെ സ്കൂൾതല മത്സരം 18.10.2024 ന് ഉച്ചകഴിഞ്ഞ് 2.30 ന് എല്ലാ സ്കൂളുകളിലും വിജയകരമായി സംഘടിപ്പിച്ചു. സ്കൂൾതല മത്സരത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടിയുള്ള മേഖലാതല മത്സരം നവംബർ 1 ന് വിവിധ മേഖലാകേന്ദ്രങ്ങളിൽവെച്ച് നടത്തപ്പെടും. എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ മേഖലാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന ടീമുകൾക്ക് ആകർഷകമായ സമ്മാനങ്ങളും ക്യാഷ് അവാർഡുകളും നൽകുന്നതാണ്. കോർപ്പറേറ്റ് തല ഗ്രാന്റ് ഫിനാലെ മത്സരം ഡിസംബർ 2,3 തീയതികളിൽ തിരുവമ്പാടിയിൽവെച്ച് നടത്തപ്പെടുന്നതാണ്.

### ഫയൽ അദാലത്ത്

തിരുവനന്തപുരം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽവെച്ച് 22.10.2024 ന് നടന്ന സംസ്ഥാനതല ഫയൽ അദാലത്തിൽ കോർപ്പറേറ്റ് മാനേജരുടെ പ്രതിനിധി പങ്കെടുക്കുകയും തീർപ്പാകാതെ കിടക്കുന്ന നിയമനാംഗീകാര ഫയലുകൾ ഡിപ്പാർട്ടുമെന്റ് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു.

### വിവിധ മേളകൾ

സബ്ജില്ല, ജില്ലാതല കായികമേളകളിലും ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിത-പ്രവർത്തിപരിചയ-ഐടി മേളകളിൽ കോർപ്പറേറ്റ് സ്കൂളുകൾ തിളക്കമാർന്ന വിജയം കരസ്ഥമാക്കി. കോഴിക്കോട് റവന്യു ജില്ലാ കായികമേളയിൽ പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. കുളത്തുവയൽ സെന്റ് ജോർജ്ജസ് ഹയർ സെക്കണ്ടറി സ്കൂൾ റണ്ണർ അപ് സ്ഥാനവും കരസ്ഥമാക്കി.

### ആദരാഞ്ജലികൾ

ദീർഘകാലം വിവിധ കോർപ്പറേറ്റ് സ്കൂളുകളിൽ സ്തുത്യർഹ സേവനമനുഷ്ഠിച്ചശേഷം വിശ്രമജീവിതത്തിലായിരുന്ന ശ്രീമതി സി.എം. മേരി പുറത്തൂട്ട് (റിട്ട. ടീച്ചർ, സേക്രഡ് ഹാർട്ട് എച്ച്.എസ്. തിരുവമ്പാടി), ശ്രീമതി സി.ജെ. ഗ്രെയ്സി (റിട്ട. ടീച്ചർ, സേക്രഡ് ഹാർട്ട് എച്ച്.എസ്. തിരുവമ്പാടി), ശ്രീമതി മേരി ജോർജ് അറയ്ക്കൽ (റിട്ട. എച്ച്.എം, എ. എൽ.പി.സ്കൂൾ, തലയാട്), ശ്രീ. എം.ജെ. തോമസ് (റിട്ട. ക്ലർക്ക്, സെന്റ് ജോർജ്ജസ് എച്ച്.എസ്. വിലങ്ങാട്), ശ്രീമതി മോനിക്കുട്ടി വി.എം. (റിട്ട. ടീച്ചർ, സേക്രഡ് ഹാർട്ട് എച്ച്.എസ്. തിരുവമ്പാടി) എന്നിവർ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. ഇവരെ പ്രാർത്ഥനാപൂർവ്വം സ്മരിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വർഗീസ്**
കോർപ്പറേറ്റ് മാനേജർ

## പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

ശരീരത്തെ മാത്രമല്ല മനസ്സിനെയും രോഗാതുരമാക്കുന്ന ഇന്നത്തെ ജീവിത രീതികളിലും ശൈലികളിലും സാഹചര്യങ്ങളിലും ചെറുത്തുനിൽപ്പിന്റെ പ്രതിരോധം സൃഷ്ടിക്കാനും നിലവിലുള്ള മാനസിക ആരോഗ്യത്തെ വർദ്ധിപ്പിക്കാനും മാനസികമായ പ്രശ്നങ്ങളും പ്രതിസന്ധികളും അഭിമുഖീകരിക്കുന്നവരിൽ ഗുണകരമായ മാറ്റങ്ങൾ വരുത്തുന്നതിനും മേന്മയുള്ള ജീവിതം രൂപപ്പെടുത്തുവാനും സഹായിക്കുക എന്ന ലക്ഷ്യത്തോടെ JPI യിൽ കൗൺസിലിംഗ് നടത്തപ്പെടുന്നു

### കോഴ്സുകൾ

ജോൺപോൾ ഇൻസ്റ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പി നടത്തപ്പെടുന്ന കോഴ്സുകൾ :

1 എം എസ് സി ഇൻ കൗണ്സിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)
2 എം എസ് സി ഇൻ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് (ഓൺലൈൻ)

### ക്ലാസ്സുകൾ ആരംഭിച്ചു

പോപ്പ് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ നടത്തപ്പെടുന്ന കോഴ്സുകളുടെ ആറാമത്തെ ബാച്ചിന്റെ ക്ലാസുകൾ ആരംഭിച്ചു.


### ഓർമ്മയിൽ ഒരു ശിശിരം

വയോജനങ്ങളുടെ ശാക്തീകരണം ലക്ഷ്യമിട്ട് പോപ്പ്ജോൺ പോൾ ഇൻസ്റ്റ്യൂട്ട് ഓഫ് സൈക്കോതെറാപ്പി സംഘടിപ്പിക്കുന്ന ഓർമ്മയിൽ ഒരു ശിശിരം ഒക്ടോബർ അഞ്ചിന് 9.30 മുതൽ 3.30 വരെ നടന്നു. 50 വയസ്സിന് മുകളിൽ പ്രായമുള്ള 30 ഓളം പേർ പങ്കെടുത്തു.

### ഹൃദയമേ ദാമ്പത്യ പരിപോഷണ ശില്പശാല

ജോൺ പോൾ ഇൻസ്റ്റ്യൂട്ട് ഓഫ് സൈക്കോതെറാപ്പി സംഘടിപ്പിക്കുന്ന ഈ ശില്പശാല ഒക്ടോബർ 6 ന് വെള്ളിമാടുകുന്ന് ക്യാമ്പസിൽ നടന്നു. ദമ്പതികൾ തമ്മിൽ അടുത്തറിയാനും അടുപ്പം വർധിക്കാനും ഉപകരിക്കുന്ന തരത്തിലായിരുന്നു ക്ലാസുകൾ ക്രമീകരിച്ചിരുന്നത് ഈ ശില്പശാലയിൽ 70 ഓളം പേർ പങ്കെടുത്തു.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്



# പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

**നിലവിൽ നടന്നുകൊണ്ടിരിക്കുന്ന കോഴ്സുകൾ**

'വിശ്വാസവഴിയിലെ ചോദ്യങ്ങളും ഉത്തരങ്ങളും' പഠനപരമ്പര വിജയകരമായി പുരോഗമിക്കുന്നു.

മതാധ്യാപകർക്കായി മതബോധനഗ്രന്ഥം ആഴത്തിൽ പഠിക്കാൻ സഹായകരമായ 'എൻലൈറ്റൻമെന്റ്' പഠനപരമ്പര മുടക്കം കൂടാതെ നടത്തപ്പെടുന്നു.

'വിശ്വാസവിഷയങ്ങൾ ഒരു സമഗ്രപഠനം' (ഏകവത്സര ഓൺലൈൻ കോഴ്സ്, 202324) രണ്ടാം ബാച്ചിന്റെ ക്ലാസുകൾ ഒക്ടോബറിൽ അവസാനിക്കുന്നു.

**പുതിയതായി ആരംഭിക്കുന്ന കോഴ്സുകൾ**

1. 'വിശ്വാസവിഷയങ്ങൾ ഒരു സമഗ്രപഠനം' (ഏകവത്സര ഓൺ ലൈൻ കോഴ്സ്, 2024-25; ക്ലാസുകൾ മാസത്തിലെ രണ്ടാമത്തെയും നാലാമത്തെയും വെള്ളിയാഴ്ചകളിൽ; സമയം വൈകുന്നേരം 8.30 മുതൽ 9.30 വരെ)
2. പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുള്ള പഠനം (മരിയൻ ശാസ്ത്രം) (ഒന്നാമത്തെയും മൂന്നാമത്തെയും വെള്ളിയാഴ്ചകളിൽ വൈകുന്നേരം 8.30 മുതൽ 9.30 വരെ).
3. ബൈബിൾ ഒരു സമഗ്രപഠനം (ക്ലാസുകൾ മാസത്തിലെ ഒന്നാമത്തെയും മൂന്നാമത്തെയും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8.30 മുതൽ 9.30 വരെ).
4. വിശുദ്ധ കുർബ്ബാന വിരചിത ഭാഷയിൽ (സുറിയാനിയിൽ) ഒരു പഠനം (രണ്ടാമത്തെയും നാലാമത്തെയും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8.30 മുതൽ 9.30 വരെ).

NB: എല്ലാ കോഴ്സുകളും ഒക്ടോബർ, നവംബർ മാസങ്ങളിൽ ആരംഭിക്കുന്നു. രജിസ്ട്രേഷനായി വിളിക്കേണ്ട നമ്പർ 82 81 34 61 79.

**ഫാ. മാത്യു കുളത്തിങ്കൽ**
ഡയറക്ടർ, പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

# ആൽഫ മരിയ അക്കാദമി

## മലയാളം ക്രാഷ് കോഴ്സ്

കുന്നമംഗലം ആൽഫ മരിയ അക്കാദമിയുടെയും എയ്ഡർ ഫൗണ്ടേഷന്റെയും ആഭിമുഖത്തിൽ എഴുത്ത്, വായന എന്നിവയിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന 9, 10, +1,+2 ക്ലാസ്സുകളിലെ കുട്ടികൾക്ക് വേണ്ടി പഠന ക്ലാസ് സംഘടിപ്പിച്ചു. പഠന ക്ലാസിന് ഫാ. മെൽബിൻ വെള്ളക്കാകുടിയിൽ, ഫാ. ജോസഫ് പന്തലാടിയിൽ, ശ്രീ. തങ്കച്ചൻ എഴുത്താണികുന്നേൽ, മിസ്സ് ജയശ്രീ, ബഹു. സിസ്റ്റേഴ്സ് എന്നിവർ നേതൃത്വം കൊടുത്തു. ക്യാമ്പിൽ 24 കുട്ടികൾ പങ്കെടുത്തു.

## ജർമൻ ഭാഷാ പരിശീലനം

കുന്നമംഗലം ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ നടക്കുന്ന ജർമ്മൻ ഭാഷ പരിശീലനത്തിൽ A1, A2, B1, B2 ബാച്ചുകളിലായി 108 കുട്ടികൾ പഠിക്കുന്നു.

ജർമ്മനിയിൽ നഴ്സിംഗ് ജോലി ആഗ്രഹിക്കുന്ന നഴ്സുമാർക്ക് തികച്ചും സൗജന്യമായി ജർമ്മൻ ഭാഷ പരിശീലത്തിന്റെ A1 കോഴ്സ് കുന്നമംഗലം ആൽഫ മരിയ അക്കാദമിയിൽ നവംബർ 4ന് ആരംഭിക്കുന്നു. BSC/ GNM നഴ്സുമാർക്കാണ് പരിശീലനം നൽകുന്നത്. അതിനുശേഷം സൗജന്യമായി ജർമ്മനിയിൽ ജോലിയും ഉറപ്പും നൽകുന്നു. Online / Offline ക്ലാസുകൾ ലഭ്യമായിരിക്കും.

പ്ലസ് ടു അല്ലെങ്കിൽ മറ്റെന്തെങ്കിലും കോഴ്സുകളോ കഴിഞ്ഞ് ജർമ്മനിയിൽ ഉന്നത പഠനത്തിനായി പോകുന്നവർക്ക് ആൽഫാ മരിയ അക്കാദമിയിൽ മിതമായ നിരക്കിൽ ജർമൻ ഭാഷ പഠിക്കാം. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

കുന്നമംഗലം ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലിൽ 115 പേർ താമസിക്കുന്നു. കോഴിക്കോട് DAMS ഡോക്ടേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട്, ഹോളിക്രോസ് കോളേജ്, നവജ്യോതി സ്കൂൾ, IIM കുന്നമംഗലം, CWRDM തുടങ്ങി സ്ഥലങ്ങളിൽ പഠിക്കുന്നവരും ജോലി ചെയ്യുന്നവരുമാണ് താമസിക്കുന്നത്. ജർമൻ ഭാഷാ പരിശീലനത്തിനും ഹോസ്റ്റൽ അഡ്മിഷനും താഴെപ്പറയുന്ന നമ്പറിൽ ബന്ധപെടുക - 9497567689, 8157044071.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# സ്റ്റാർട്ട്

## E-learning English course for Altar Servers

താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ START (ST THOMAS ACADEMY FOR RESEARCH AND TRAINING) സ്റ്റാർട്ടും അൾത്താര ശുശ്രൂഷകരുടെ സംഘടനായ സ്മാർട്ടും സംയുക്തമായി താമരശ്ശേരി രൂപതയിലെ അൾത്താര ശുശ്രൂഷകർക്കായി നടത്തുന്ന E -LEARNING ENGLISH COURSE ന്റെ ക്ലാസുകൾ ഒക്ടോബർ 5 ആരംഭിച്ചു. രൂപതയുടെ വികാരി ജനറാൾ മോൺ. അബ്രഹാം വയലിൽ ഔദ്യോഗികമായി കോഴ്സ് ഉദ്ഘാടനം ചെയ്തു. ഇരുനൂറ്റിപ്പത്തോളം കുട്ടികൾ ക്ലാസ്സിൽ പങ്കെടുക്കുന്നുണ്ട്.

## STAR CARE SOLUTIONS- INTERNATIONAL CARE CETIFICATE COURSE

ആരോഗ്യ മേഖലയിലെ ജോലി സാധ്യതകളെ മുൻനിർത്തികൊണ്ട് സ്റ്റാർട്ട് ആരംഭിച്ച മൂന്നുമാസത്തെ പരിശീലന കോഴ്സായ START -CARE SOLUTION ന്റെ അടുത്ത ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. 2024 നവംബർ ആദ്യ ആഴ്ച്ച ക്ലാസുകൾ ആരംഭിക്കുന്നതാണ്. കാനഡ, യു കെ, ഓസ്ട്രേലിയ , ജർമ്മനി ന്യൂസീ ലാൻഡ് തുടങ്ങിയ രാജ്യങ്ങളിലെ elderly, disability and mental health care മേഖലകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ രൂപപ്പെടുത്തുക എന്നതാണ് കോഴ്സ് ലക്ഷ്യം വെയ്ക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് startcare.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## EUREKA MOMENT MINI MASTER CAMP 2K24-II ഡിസംബർ 27,28,29 തിയ്യതികളിൽ

വിശ്വാസവും മൂല്യബോധവും, ധാർമികതയും വളർത്തി സഭക്കും സമൂഹത്തിനും സേവനം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിനു സ്റ്റാർട്ട് നടത്തിവരുന്ന അവധിക്കാല ക്യാമ്പായ EUREKA MOMENT MINI MASTER CAMP 2K24-II രണ്ടാം ഭാഗം ഡിസംബർ 27,28,29 തിയ്യതികളിൽ നടത്തപ്പെടുന്നു. കുട്ടികളെ അവരുടെ കഴിവും, അഭിരുചിയും തിരിച്ചറിയുന്നതിനും, വിവിധ സിവിൽ സർവീസ് വരെയുള്ള ഏതു പരീക്ഷകളിലേക്കും ചിട്ടയായ പരിശീലനം കുട്ടികൾക്ക് നൽകുക എന്നതാണ് ലക്ഷ്യം. ജൂനിയർ, സീനിയർ, വിഭാഗങ്ങളിലായി ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്കാരിക്കും അവസരം ലഭിക്കുക.

## START INTERNATIONAL LECTURE SERIES III

വിവിധ വിഷയങ്ങളെ കുറിച്ചുള്ള ആഴമായ ഉൾക്കാഴ്ചയും അറിവുമാണ് നമ്മെ മികച്ച അധ്യാപകരും സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരുമായി മാറ്റുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭാസ സ്ഥാപനമായ സ്റ്റാർട്ട് മാസത്തിൽ ഒരിക്കൽ നടത്തുന്ന ലക്ചർ സീരീസ് മൂന്നാം സെക്ഷൻ നവംബറിൽ 27 ന് നടത്തപ്പെടുന്നു.

കൂടുതൽ വിവരങ്ങൾക്ക്,

0495 2357843, 9037107843, 9744458111 (Director)
office@startindia.org, startcalicut22@gmail.com
www.startindia.org

**ഫാ. സുബിൻ കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്

# എയ്ഡർ എഡ്യൂക്കെയർ

### മലയാളം ഭാഷാപഠനം ക്രാഷ് കോഴ്സ്

ഒക്ടോബർ 9,10, 11 തീയതികളായി കുന്നമംഗലം ആൽഫ മരിയ അക്കാദമിയുമായി സഹകരിച്ചുകൊണ്ട് മൂന്നുദിവസത്തെ മലയാള ഭാഷാ പഠന ക്യാമ്പ് സംഘടിപ്പിച്ചു. 16 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ശ്രീമതി ജയശ്രീ കോതമ്പനാലിൽ, ശ്രീ. തങ്കച്ചൻ എഴുത്താണികുന്നേൽ, സി. ലിസി എഫ് സി സി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ടീം കോർഡിനേറ്റർ സി. സജിനി, സി. സ്നേഹ, സി. ക്രിസ്റ്റീന, സി. ടെസ്ന എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

### പാരിഷ് വിസിറ്റ്

തിരുവമ്പാടി, തോട്ടുമുക്കം ഫൊറോനകളിലെ ഇടവകകളിൽ നടത്തിവരുന്ന സന്ദർശനം രണ്ടാഴ്ചക്കുള്ളിൽ സമാപിക്കുന്നതായിരിക്കും. എല്ലാ സഹായങ്ങളും അവസരങ്ങളും നൽകുന്ന പ്രിയമുള്ള വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും മതാധ്യാപകർക്കും ഹൃദയപൂർവം നന്ദി.

### ഫോർമേഷൻ ക്യാമ്പ്, ടീം മീറ്റ്

എഡ്യൂക്കെയർ ടീമിനുവേണ്ടി ഒക്ടോബർ 30, 31 തീയതികളിലായി പിഎംഒസിയിൽ വച്ച് രണ്ടുദിവസത്തെ ഫോർമേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. ഒക്ടോബർ 16 ബുധനാഴ്ച ബാലുശ്ശേരി സെന്റ് മേരീസ് പള്ളിയിൽ വെച്ച് ടീം മീറ്റിംഗ് നടത്തി.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഏയ്ഡർ എഡ്യൂകെയർ

# ഫാമിലി അപ്പോസ്തോലേറ്റ്

**പ്രീകാനാ കോഴ്സുകൾ 2024 - 2025**

നവംബർ 7-9

ഡിസംബർ 12-14

ജനുവരി 9-11

ഫെബ്രുവരി 6-8

മാർച്ച് 6-8

കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും: 8075935240 (whatsup)

**ഫാ. മാറ്റസ് കോരംകോട്ട്**
ഡയറക്ടർ, ഫാമിലി അപ്പോസ്തൊലേറ്റ്

# കരുണാഭവൻ

ഒക്ടോബർ മാസത്തിൽ 10 ദിവസത്തെ കൊന്ത നമസ്ക്കാരം നടത്തി. ഇടവകകളിൽനിന്നും വൈദികരും സംഘടനക്കാരും കുട്ടികളും കരുണാഭവൻ സന്ദർശിച്ചു. പുതിയ ഒരു അന്തേവാസിയെ കരുണാഭവൻ കുടുംബത്തിലേക്ക് സ്വീകരിച്ചു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, കരുണാഭവൻ

# കുടുംബകൂട്ടായ്മ

**കുടുംബകൂട്ടായ്മകൾ ചെയ്യേണ്ട പ്രവർത്തനപദ്ധതികൾ**

1. സകലവിശുദ്ധരുടെയും തിരുനാൾ ആചരിക്കുന്ന ഈ മാസം (നവംബർ 1) സാധിക്കുന്ന എല്ലാദിവസവും വീടുകളിൽ സന്ധ്യപ്രാർത്ഥനക്കുശേഷം ഏതെങ്കിലും വിശുദ്ധരെക്കുറിച്ചു വായിക്കുകയും, കുടുംബകൂട്ടായ്മയിൽ വിശുദ്ധരെകുറിച്ച് കുട്ടികളോ, മുതിർന്നവരോ പങ്കുവെക്കുകയും ചെയ്യുക.

2. കേരളം പിറവി ദിനത്തിൽ (നവംബർ 1) കേരളപിറവി ചരിത്രം വായിക്കുകയും, നമ്മുടെ നാടിന്റെ നന്മകൾ സോഷ്യൽ മീഡിയ വഴി പങ്കുവെക്കുകയും ചെയ്യുക.
3. സകല മരിച്ചവരെയും അനുസ്മരിക്കുന്ന ഈ മാസത്തിൽ (നവംബർ 2) നിങ്ങളുടെ കുടുംബകൂട്ടായ്മയിൽ നിന്നും നവംബർ 2023 മുതൽ നവംബർ 2024 വരെ മരിച്ചുപോയ എല്ലാവരെയും ഓർത്ത് (പേരുപറഞ്ഞ്) കുടുംബകൂട്ടായ്മകളിൽ പ്രാർത്ഥിക്കുക. സാധിക്കുമെങ്കിൽ അവർക്കുവേണ്ടി ഒരു കുർബാനയും, ഒപ്പീസും പള്ളി യിൽ ചൊല്ലിപ്പിച്ചു പ്രാർത്ഥിക്കുക.
4. വിശുദ്ധ ചാൾസ് ബൊറോമിയുടെ തിരുനാൾ ആചരിക്കുന്ന ഈ മാസം (നവംബർ 4) സൺഡേ സ്കൂൾ കുട്ടികളെയും, അധ്യാപകരെയും കുടുംബകൂട്ടായ്മകളിൽ പ്രത്യേകം ആദരിക്കുകയും, അവർക്ക് മധുരവും, സമ്മാനങ്ങളും നൽകുകയും ചെയ്യുക.
5. വിശുദ്ധ സഖറിയായുടെയും, ഏലീശ്വായുടെയും തിരുനാൾ ആചരിക്കുന്ന ഈ മാസം (നവംബർ 5) വീടുകളിൽ കഴിയുന്ന പ്രായമായവരെ സന്ദർശിക്കുകയും, അവരോടൊപ്പം പ്രാർത്ഥിക്കുകയും ചെയ്യുക.
6. ശിശുദിനമായി ആചരിക്കുന്ന ഈ മാസം (നവംബർ 14) എല്ലാ ശിശുക്കൾക്കും, അവരുടെ മാതാപിതാക്കൾക്കും ആശംസകൾ നേരുക, പ്രാർത്ഥിക്കുക.
7. പരിശുദ്ധ കന്യാമറിയത്തെ ദൈവാലയത്തിൽ സമർപ്പിച്ച തിരുനാൾ ആചരിക്കുന്ന ഈ മാസം (നവംബർ 21) നമ്മുടെ മക്കളോടൊപ്പം ഒരു ദിവസം വിശുദ്ധ ബലിയിൽ സംബന്ധിക്കുകയും, മക്കളെ മറിയത്തിന് കാഴ്ചവെച്ച് പ്രാർത്ഥിക്കുകയും ചെയ്യുക.
8. മിശിഹായുടെ രാജത്വതിരുനാൾ ആചരിക്കുന്ന ഈ മാസം (നവംബർ 24) ക്രിസ്തുരാജന്റെ തിരുനാൾ ഇടവകയിലും കുടുംബയൂണിറ്റിലും സമുചിതമായി ആഘോഷിക്കുക. ക്രിസ്തുരാജന്റെ ചിത്രം ആ ദിവസം എല്ലാവരും സ്റ്റാറ്റസ് ആയി ഇടുക.
9. ഇന്ത്യൻ നിയമദിനമായ (നവംബർ 26) ന് കുടുംബകൂട്ടായ്മയിലെ എല്ലാ നിയമപാലകരെയും (പോലീസുകാർ, ജഡ്ജിമാർ, വക്കീലുമാർ) പ്രത്യേകം അനുമോദിക്കുകയും, അവരുടെ അനുഭവങ്ങൾ കേൾക്കുകയും ചെയ്യുക.
10. സഖറിയ, ഏലീശ്വാ, (നവംബർ 5), അന്ത്രയോസ് (നവംബർ 30) നാമധാരികൾക്ക് ആശംസകൾ അർപ്പിക്കുകയും, പ്രാത്ഥിക്കുകയും ചെയ്യുക.

**ഫാ. മാത്യു കുളത്തിങ്കൽ**
ഡയറക്ടർ, കുടുംബകൂട്ടായ്മ

# പാലിയേറ്റീവ് & ജെറിയാട്രിക് കെയർ

ഒക്ടോബർ മാസം താമരശ്ശേരി രൂപതയിൽ വയോജന മാസമായി ആചരിച്ചു. ലോക വയോജന ദിനവും (ഒക്ടോ.1), ലോക സാന്ത്വന പരിചരണ ദിനവും (World Palliative Care Day) (ഒക്ടോ.12) ആചരിച്ച ഈ മാസം വയോജനങ്ങളെ സന്ദർശിക്കുകയും, പ്രാർത്ഥിക്കുകയും, അവർക്ക് ചെറിയ സമ്മാനങ്ങൾ നൽകുകയും ചെയ്തു.

വികാരിയച്ചന്മാരുടെയും പാലിയേറ്റീവ് ആൻഡ് ജെറിയാട്രിക്കെയർ പ്രവർത്തകരുടെയും നേതൃത്വത്തിൽ ഇടവകകളിൽ വയോജനദിനം സമുചിതമായി കൊണ്ടാടുകയും പാലിയേറ്റീവ് പ്രവർത്തകരെ ആദരിക്കുകയും ചെയ്തു.

താമരശ്ശേരി രൂപതയുടെ കീഴിലുള്ള എല്ലാ പാലിയേറ്റീവ് യൂണിറ്റുകളിലും പതിവുപോലെ പാലിയേറ്റീവ് ആൻഡ് ജെറിയാട്രിക് ശുശ്രൂഷകൾ നല്ലരീതിയിൽ നടക്കുന്നു.

രൂപത ഡയറക്ടറച്ചൻ എല്ലാ ഞായറാഴ്ചകളിലും വിവിധ ഇടവകൾ സന്ദർശിച്ച് പാലിയേറ്റീവ് ആൻഡ് ജെറിയാട്രിക് കെയർ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവത്ക്കരണം നൽകുന്നു.

**ഫാ. മാത്യു കുളത്തിങ്കൽ**
ഡയറക്ടർ, പാലിയേറ്റീവ് & ജെറിയാട്രിക് കെയർ



# കെ.സി.വൈ.എം
# എസ്.എം.വൈ.എം

### ട്രെയിനിംഗ്

സെപ്റ്റംബർ 28 ന് സീറോ മലബാർ യൂത്ത് കമ്മീഷനും തൃശ്ശൂർ പാറോക്ക് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി തലശ്ശേരിയിൽ വെച്ച് മലബാർ മേഖലയിലെ രൂപതകൾക്കായി സംഘടിപ്പിച്ച പരിശീലനത്തിൽ താമരശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് രൂപതാ പ്രസിഡന്റ് റിച്ചാൾഡ് ജോൺ, വൈസ് പ്രസിഡന്റ് അലൻ ബിജു, സംസ്ഥാന സിൻഡിക്കേറ്റ് അംഗം അഭിലാഷ് കുടിപ്പാറ, എക്സിക്യൂട്ടീവ് അംഗങ്ങളായ ഡെൽബിൻ സെബാസ്റ്റ്യൻ, ബോണി സണ്ണി എന്നിവർ പങ്കെടുത്തു.

### പ്രതിഷേധം

ക്രൈസ്തവ വിശ്വാസത്തെ അപഹസിച്ച് ഗാനമിറക്കിയ സംവിധായകൻ അമൽ നീരദിന്റെ ഇൻസ്റ്റാഗ്രാം ഇൻബോക്സിലേക്ക് "ഈശോ മിശിഹായ്ക്ക് സ്തുതി" എന്ന സന്ദേശമയച്ചു കൊണ്ട് കേരള കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തകർ പ്രതിഷേധമറിയിച്ചു.

### ഇ.എസ്.എ. വിജ്ഞാപനം: പ്രതിഷേധം രേഖപ്പെടുത്തി

പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടിക പ്രസ്സിദ്ധീകരിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ട് മാസങ്ങൾ പിന്നിടുമ്പോഴും, കരട് രേഖ തയ്യാറാക്കാനാവശ്യമായ മുഴുവൻ സർവ്വേകളും പൂർത്തിയാക്കിയിട്ടും ഇത്തരത്തിലൊരു പട്ടിക പ്രസിദ്ധീകരിക്കാനാവശ്യമായ യാതൊരു നടപടിയും കേരള സർക്കാർ കൈക്കൊള്ളാത്തതിൽ പ്രതിഷേധം അറിയിച്ചു.

### സ്നേഹപൂർവ്വം കെ.സി.വൈ.എം.

കൂരാച്ചുണ്ട് മേഖലയുടെ നേതൃത്വത്തിൽ ഒക്ടോബർ 12, ശനിയാഴ്ച കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് അങ്കണത്തിൽ വെച്ച് പൊതിച്ചോറുകൾ വിതരണം ചെയ്തു.

### വുമൺസ: വനിതാ സംഗമം

കെസിവൈഎം താമരശ്ശേരി രൂപതാ സമിതിയുടെ നേതൃത്വത്തിൽ രൂപതയിലെ യുവതികൾക്കായി വുമൺസ 4.0 വനിതാ സംഗമം നടത്തി. ഒക്ടോബർ 12,13 തിയ്യതികളിലായി കൈതപ്പൊയിൽ ലിസ്സ കോളജിൽ നടന്ന പരിപാടി യുവസംരംഭകരും സഹോദരങ്ങളുമായ ചിത്തിര റോസ് മാത്യു, ആതിര റോസ് മാത്യു എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. രൂപത വൈസ് പ്രസിഡന്റ്

അലോണ ജോൺസൻ പൂകമല അധ്യക്ഷത വഹിച്ചു. ചടങ്ങിനോട് അനുബന്ധിച്ച് മെൻസ്ട്രൽ കപ്പ് ചലഞ്ച്, കേശദാന യജ്ഞം എന്നിവ സംഘടിപ്പിച്ചു. രൂപതാ ആനിമേറ്റർ സിസ്റ്റർ റൊസീൻ എസ്.എ.ബി.എസ്, രൂപതാ പ്രസിഡന്റ് റിച്ചാൾഡ് ജോൺ, സെക്രട്ടറി അലോന എലിസബത്ത്, സംസ്ഥാന സെനറ്റ് അംഗം അലീന ലെയ്സൺ, എസ്.എം.വൈ.എം. സംസ്ഥാന സെക്രട്ടറി ആഗി മരിയ ജോസഫ്, ലിസ കോളേജ് പ്രതിനിധി ഫാ. ജോസ് പന്തക്കൽ, സീറോ മലബാർ മാതൃവേദി രൂപത പ്രസിഡന്റ് സ്വപ്ന ഗിരീഷ് എന്നിവർ സംസാരിച്ചു. രണ്ട് ദിവസമായി നടന്ന സംഗമത്തിൽ കുടുംബം, സാങ്കേതികത്വം, സംരംഭകത്വം എന്നിങ്ങനെ മൂന്ന് വിഷയങ്ങളിലായി യുവതികൾ ആശയങ്ങൾ പങ്കുവെക്കുകയും വിദഗ്ദർ ക്ലാസുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

### പ്രതിഷേധം

വിലങ്ങാട്, മഞ്ഞക്കുന്ന് ദുരന്ത ബാധിത മേഖലയ്ക്കായി സർക്കാർ പ്രഖ്യാപിച്ച ധനസഹായം ഉടനെത്തിക്കുക എന്നാവശ്യപ്പെട്ട്കൊണ്ട് പ്രതിഷേധം രേഖപ്പെടുത്തി.

### യൂണിറ്റ് ജനറൽ ബോഡി

താമരശ്ശേരി രൂപതയുടെ യുവജന പ്രസ്ഥാനം തിരഞ്ഞെടുപ്പ് കാലഘട്ടത്തിലേക്ക് കടക്കുമ്പോൾ ആദ്യ ഘട്ടമായി യൂണിറ്റുകളിൽ ഒക്ടോബർ 20, ഞായറാഴ്ച മുതൽ നവംബർ 03, ഞായറാഴ്ച വരെ യൂണിറ്റ് ജനറൽ ബോഡിയും തിരഞ്ഞെടുപ്പും നടത്താൻ ആഹ്വാനം ചെയ്തു.

### ആദരാഞ്ജലികൾ

- സെപ്റ്റംബർ 28 താമരശ്ശേരി രൂപതാ വൈദികൻ ജോസഫ് കാപ്പിൽ അച്ചന്റെ നിര്യാണത്തിൽ താമരശ്ശേരി രൂപതയുടെ യുവജന പ്രസ്ഥാനത്തിന്റ അനുശോചനം രേഖപ്പെടുത്തി.
- ഒക്ടോബർ 10 രത്തൻ ടാറ്റയ്ക്ക് ആദരാഞ്ജലികൾ നേർന്നു.
- ഒക്ടോബർ 15 അപകടത്തിൽ മരണപ്പെട്ട പാറോപ്പടി യൂണിറ്റ് അംഗം ആൽഡ്രിൻ പി അഗസ്റ്റിന്റെ നിര്യാണത്തിൽ താമരശ്ശേരി രൂപത യുവജന പ്രസ്ഥാനത്തിന്റെ അനുശോചനം രേഖപ്പെടുത്തുകയും ആൽഡ്രിന്റെ വിയോഗത്തിൽ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്തു.

### ആശംസകൾ

• താമരശ്ശേരി രൂപത യുവജന പ്രസ്ഥാനത്തിന്റെ എക്സിക്യൂട്ടീവ് അംഗങ്ങളായ ആൻസെലിൻ അബ്രാഹം, അഗ്സ എലിസബത്ത് ഷൈജൻ, ക്രിസ്സൽ സുനിൽ എന്നിവർക്ക് ജന്മദിനാശംസകൾനേർന്നു.

• നാമഹേതുക തിരുനാൾ ആഘോഷിച്ച താമരശ്ശേരി രൂപതയുടെ ഇടയൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിനും, താമരശ്ശേരി രൂപതയുടെ വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ അച്ചനും രൂപതാ യുവജന കുടുംബത്തിന്റെ നാമഹേതുക തിരുനാൾ ആശംസകൾ നേർന്നു.

• വിവാഹമെന്ന കൂദാശയിലൂടെ കുടുംബജീവിതത്തിലേക്ക് പ്രവേശിച്ച താമരശ്ശേരി രൂപതാ യുവജന പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറി അലീന മാത്യുവിനും വരൻ നോയൽ കെ. നോബിയ്ക്കും പ്രാർത്ഥനാശംസകൾ നേർന്നു .

**ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**
ഡയറക്ടർ, കെ.സി.വൈ.എം - എസ്.എം.വൈ.എം

## മദ്യവിരുദ്ധ സമിതി

### വ്യക്തിത്വ വികസന ശില്പ ശാല

കെ സി ബി സി ലഹരി വിരുദ്ധ സമിതി രൂപതാ കമ്മിറ്റിയുടെയും രൂപതാ എഡ്യൂക്കേഷണൽ ഏജൻസിയുടെയും ആഭിമുഖ്യത്തിൽ കോർപ്പറേറ്റ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന വ്യക്തിത്വ വികസനക്ലബ് അംഗങ്ങൾക്കുള്ള സ്കൂൾ തല ശില്പശാല സംഘടിപ്പിച്ചു. ശില്പശാലയുടെ ഉദ്ഘാടനം രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ മച്ചുകുഴിയിൽ നിർവ്വഹിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. കുര്യൻ ചെമ്പനാനി അധ്യക്ഷത വഹിച്ചു. യു.പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങൾക്കായി പ്രത്യേകം ക്ലാസ്സുകളും വർക്ക് ഷോപ്പുകളും ശില്പശാലയുടെ ഭാഗമായി സംഘടിപ്പിക്കുന്നു. കുട്ടികളിൽ ലഹരി പദാർത്ഥങ്ങളുടെ ദുരന്തങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും അവയിൽ നിന്ന് അകന്നു നിൽക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക, ഉൽകൃഷ്ടങ്ങളായ മാനുഷിക മൂല്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ പരിശീലിപ്പിക്കുക തുടങ്ങിയവയാണ് ശില്പശാലയുടെ ലക്ഷ്യങ്ങൾ. ടി.ടി. തോമസ്, പി.വി ജോൺ, ഡോ. ചാക്കോ കാളംപറമ്പിൽ, ജോളി ഉണ്ണിയേപ്പിള്ളിൽ, കെ.സി ജോസഫ്, രാജൻ ഉറുമ്പിൽ, റോയി മുരിക്കോലിൽ, ജോസ് കാവിൽപുരയിടം, സിസ്റ്റർ. ഗീത സി എം സി, സിസ്റ്റർ. വിനീത, അബ്രാഹം മണലോടി, സണ്ണി മാത്യു, ടി. ജെ. സണ്ണി, തുടങ്ങിയവർ വിവിധ സ്കൂളുകളിൽ വ്യക്തിത്വ വികസന ലഹരി വിമുക്ത ശില്പ ശാലകൾക്ക് നേതൃത്വം നൽകുന്നു.

## ലഹരിയ്ക്കെതിരെ സാഹിത്യോത്സവം

ലഹരിയുടെ വൻ ദുരന്തങ്ങളിൽ നിന്ന് കുട്ടികളെ അകറ്റിനിർത്തുന്നതിന്റെ ഭാഗമായി വർഷം തോറും രൂപതാ തല സാഹിത്യോ ത്സവം നടത്തി വരുന്നു. തിരുവമ്പാടി സേക്രഡ് ഹാർട്ട് ഹയർ സെക്കന്ററി സ്കൂൾ, കൂരാച്ചുണ്ട് സെന്റ്. തോമസ് യു.പി സ്കൂൾ എന്നീകേന്ദ്രങ്ങളിൽ ആണ് മത്സരങ്ങൾ നടക്കുക. ഓരോ സ്കൂളിന്റെയും ബഹു. മാനേജർമാർ മത്സരങ്ങൾ ഉദ്ഘാടനം ചെയ്യും. കഥ, കവിത, ഉപന്യാസം, പോസ്റ്റർ നിർമ്മാണം, സ്ലോഗൻ രചന, പ്രസംഗം എന്നീ ഇനങ്ങളിൽ ആയി യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങളിൽ ആയാണ് മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

കുട്ടികൾക്ക് സമ്മാനങ്ങൾ, സർട്ടിഫിക്കറ്റ് എന്നിവ വിതരണം ചെയ്തു വരുന്നു. കെ സി ബി സി രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, വ്യക്തിത്വ വികസന ക്ലബ് ഡയറക്ടർമാർ എന്നിവർ മത്സരങ്ങൾക്ക് നേതൃത്വം നൽകി വരുന്നു.

## വ്യക്തിത്വ വികസന ക്ലബ് സൺഡേ സ്കൂളിൽ

അഭി. പിതാവിന്റെ നിർദേശപ്രകാരം ഈ വർഷം സൺഡേ സ്കൂളുകളിൽ ഘട്ടം ഘട്ടമായി ലഹരി വിരുദ്ധ വ്യക്തിത്വവികസന ക്ലബ്ബുകൾ പ്രവർത്തനം ആരംഭിക്കും. സൺഡേ സ്കൂൾ വ്യക്തിത്വ വികസന ക്ലബ് രൂപതാ തല ഉദ്ഘാടനം മാവൂർ ക്രിസ്തുരാജ ദൈവാലയത്തിൽ വെച്ച് രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ മച്ചുകുഴിയിൽ നിർവ്വഹിച്ചു.

## യൂണിറ്റ് ശാക്തീകരണം

ഇടവകാ തല ലഹരി വിരുദ്ധ യൂണിറ്റ് ശാക്തീകരണത്തിന്റെ ഭാഗമായി ഇടവകാ തല ലഹരി വിരുദ്ധ സമിതികൾ പുനരുജ്ജീവിപ്പിച്ചു വരുന്നു. അഞ്ചിൽ കുറയാത്ത ഭാരവാഹികൾ ഉൾപ്പെടുന്ന പ്രാർത്ഥനകൂട്ടായ്മകൾ, വാട്സ് ആപ് ഗ്രൂപ്പുകൾ ഇവ രൂപീകരിച്ചു വരുന്നു.

**ഫാ. അഗസ്റ്റിൻ മച്ചുകുഴിയിൽ**
ഡയറക്ടർ, മദ്യവിരുദ്ധ സമിതി

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

താമരശ്ശേരി മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ നേതൃത്വത്തിൽ എല്ലാ മാസത്തിലേയും മൂന്നാമത്തെ വെള്ളിയാഴ്ച ഏതെങ്കിലും ഒരു ഇടവകയിൽ അംഗങ്ങൾ ഒന്നിച്ചു കുടി ജപമാല ചൊല്ലാൻ തീരുമാനിച്ചു. ആദ്യമായി 15.11.24 വെള്ളിയാഴ്ച കുടരഞ്ഞി ഇടവകയിലാണ് ഇത് ആരംഭിക്കുന്നത്. കൂടരഞ്ഞിയിലും, സമീപ പ്രദേശങ്ങളിലെ ഇടവകകളിൽനിന്നുമുള്ള എല്ലാ വലിയ കുടുംബങ്ങളേയും ഈ ജപമാല സമർപ്പണത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

## യൂദിത്ത് ഫോറം

പരിയാപുരം ഫാത്തിമാ മാതാ ഇടവകയിലെ യൂദിത്ത് ഫോറം അംഗങ്ങളുടെ ഒക്ടോബർ മാസത്തെ സംഗമം 12.10.2024 ന് പാരിഷ് ഹാളിൽ വെച്ച് നടത്തി. പ്രസിഡന്റ് ശ്രീമതി മേരിക്കുട്ടി കളപ്പുരക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 36 അമ്മമാർ പങ്കെടുത്തു. സെക്രട്ടറി ശ്രീമതി സോളി ജോസഫ് സ്വാഗതം പറയുകയും സെപ്റ്റംബർ മാസത്തെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ഇടവകദേവാലയത്തിൽ പരിശീലനവും സേവനവും പൂർത്തിയാക്കിയ CMI സഭയിലെ ഡീക്കൻ അരുൺ ഇയ്യാലിന് യൂദിത് അമ്മമാരുടെ വകയായി യാത്രയയപ്പു നൽകി. ശ്രീമതി ഷൈനി ഇയ്യാലിൽ ആശംസകൾ നേർന്ന് സംസാരിച്ചു. ശ്രീമതി സിസിലി വെട്ടം അമ്മമാരുടെ വക പാരിതോഷികം നൽകി. ഡീക്കൻ മറുപടി പ്രസംഗത്തിൽ നന്ദി പറയുകയും അമ്മമാരുടെ പ്രവർത്തനത്തെ പ്രശംസിക്കുകയും ചെയ്തു. തുടർന്ന് ആനിമേറ്റർ ഗീതാ സിസ്റ്ററിന്റെ നേതൃത്വത്തിൽ അമ്മമാർക്ക് വിനോദയാത്ര നടത്തുന്നതിനെപറ്റി ആലോചിക്കുകയും നവംബർ 29 ന് ഊട്ടിയിലേക്ക് പോകാമെന്ന് തീരുമാനിക്കുകയുംചെയ്തു. മീറ്റിംഗിന് ശേഷം ഏതാനും അമ്മമാരും സിസ്റ്ററും കൂടി യൂദിത്ത് ഫോറം അംഗങ്ങളും രോഗികളും ആയ രണ്ട് അമ്മമാരെ സന്ദർശിക്കുകയും ഒരാൾക്ക് ധനസഹായം നൽകുകയും ചെയ്തു.രോഗിയായ ഇടവക ശുശ്രുഷിയെയും സന്ദർശിച്ച് ധനസഹായം നൽകി.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# കമ്മ്യൂണിക്കേഷൻ മീഡിയ

## നവംബർ ഡിസംബർ ലക്കം

മലബാർ വിഷൻ നവംബർ ഡിസംബർ ലക്കം നവംബർ ആദ്യ ആഴ്ച തന്നെ വിതരണത്തിനായി ഇടവകകളിൽ എത്തിച്ചു. ക്രൈസ്തവ സമൂഹം നേരിടുന്ന സമകാലിക പ്രതിസന്ധികളെക്കുറിച്ച് പ്രതിപാദിക്കുന്ന കവർ സ്റ്റോറി അഡ്വ. ജെസ്റ്റിൻ പള്ളിവാതുക്കൽ തയ്യാറാക്കിയിരിക്കുന്നു.

ചെറായി, മുനമ്പം പ്രദേശങ്ങളിലെ 610ഓളം കുടുംബങ്ങളെ പ്രതിസന്ധിയിലേക്ക് തള്ളിയിട്ട വഖഫ് നിയമത്തെക്കുറിച്ചും അതിന്റെ ചരിത്രത്തെക്കുറിച്ചും പുതിയ ഭേദഗതികളെക്കുറിച്ചും സമഗ്രമായി ഈ ലക്കത്തിൽ പ്രതിപാദിക്കുന്നുണ്ട്.

ശതാബ്ദി പിന്നിട്ട മലബാർ കുടിയേറ്റത്തെക്കുറിച്ചും കുടിയേറ്റ മേഖലകൾ ഇന്ന് നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചും തലശ്ശേരി അതിരൂപതയിലെ ഫാ. തോമസ് നീണ്ടൂരിന്റെ വിശകലനവും ഇത്തവണയുണ്ട്.

ക്രിസ്മസ് മനുഷ്യമഹത്വത്തിന്റെ പ്രഘോഷണമാണെന്ന സന്ദേശം ഉൾക്കൊള്ളുന്ന ലേഖനവും രൂപതാ വാർത്തകളും വിശേഷങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അക്കൗണ്ടിങ് മേഖലയിലെ മികച്ച കരിയർ സാധ്യതകളെ പരിചയപ്പെടുത്തുന്ന വിദ്യാധനം പംക്തി ഉപരിപഠനത്തിനായി ഒരുങ്ങുന്ന നമ്മുടെ യുവജനങ്ങൾക്ക് ഏറെ പ്രയോജനപ്പെടും. സംഘകൃഷിയുടെ സാധ്യതകളെക്കുറിച്ചും ഇത്തവണ മലബാർ വിഷൻ ചർച്ച ചെയ്യുന്നുണ്ട്.

## വരിസംഖ്യ

മലബാർ വിഷന്റെ വരിസംഖ്യ ലഭിച്ചാൽ മീഡിയാ പ്രവർത്തനങ്ങൾക്ക് വളരെ ഉപകാരമാകുമായിരുന്നു. പി.എം.ഒ.സിയിൽ 2024 നവംബർ 18ന് ആരംഭിക്കുന്ന ഈ വർഷത്തെ ക്ലർജി സെമിനാറിന് വരുമ്പോൾ വരിസംഖ്യ കൂടി കരുതുമല്ലോ. വരിസംഖ്യ കുടിശിക സംബന്ധമായ വിവരങ്ങൾ വ്യക്തിപരമായി അറിയിക്കുന്നതാണ്.

വരിസംഖ്യ ഓൺലൈനായി അടയ്ക്കുവാനുള്ള അക്കൗണ്ട് വിവരങ്ങൾ താഴെ നൽകുന്നു.

Account Number: 120026042737
Name: Alphonsian Media Truts
Bank: Canara, Vellimadkunnu Br.
IFSC Code: CNRB0000839

ഓൺലൈൻ പേയ്മെന്റ് ചെയ്യുന്നവർ അതിന്റെ സ്ക്രീൻഷോട്ട് 9400297653 എന്ന നമ്പറിൽ അയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. സിബി കുഴിവേലിൽ**
ഡയറക്ടർ, കമ്മ്യൂണിക്കേഷൻ മീഡിയ

# കരിസ്മാറ്റിക് മൂവ്മെന്റ്

ജൂബിലേവൂസ് 2026 : സുവർണ്ണ ജൂബിലി സഹസ്രദിന ഒരുക്ക ഉപവാസ പ്രാർത്ഥന 2024 ഒക്ടോബർ 20ന് 10.30 അങ്ങ മുതൽ 3 PM വരെ പുത്തനങ്ങാടി സെൻറ് മേരീസ് കോളേജ് ചാപ്പലിൽ വച്ച് നടന്നു. സോണൽ ആനിമേറ്റർ ഫാ. സിബി കുഴിവേലിൽ വചന സന്ദേശം നൽകി തുടർന്നുള്ള ആരാധനയ്ക്കും മധ്യസ്ഥ പ്രാർത്ഥനയ്ക്കും ബാബു മാളിയേക്കൽ, ബേബി പഴംപ്ലാക്കൽ, ആൻറണിതെക്കേക്കുറ്റ് എന്നിവർ നേതൃത്വം നൽകി. സഹസ്രദിന ഒരുക്ക ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്ത സബ്സോൺ ആനിമേറ്റർ ഫാ. ആന്റണി കാരിക്കുന്നേലിന്റെ നേതൃത്വത്തിലുള്ള സബ്സോൺ സർവീസ് ടീമിന് പ്രത്യേകം അഭിനന്ദനങ്ങൾ.

**മധ്യസ്ഥ പ്രാർത്ഥന:**

സോണൽ മധ്യസ്ഥ പ്രാർത്ഥന എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച 10 am മുതൽ 3 pm വരെ താമരശ്ശേരി ചാവറ ഹോസ്പിറ്റലിനോടു ചേർന്നുള്ള ചാപ്പലിൽ വച്ച് നടത്തുന്നതാണ്.

**മിനിസ്ട്രി കോഡിനേറ്റർമാരായി തെരഞ്ഞെടുക്കപ്പെട്ടവർ :**

1. ലോഡ്സ് കപ്പിൾസ് : കുര്യാക്കോസ് & അനില കുഴികണ്ടത്തിൽ,സിറ്റി.
2. തൂവാനിസ : ലീലാമ്മ ജോസ് പുത്തേട്ടുപടവിൽ, കൂരാച്ചുണ്ട്.
3. മധ്യസ്ഥ പ്രാർത്ഥന : ജോസ് കിഴക്കയിൽ, തിരുവമ്പാടി.
4. പാരിഷ് മിനിസ്ട്രി : സെബാസ്റ്റ്യൻ വെള്ളിയെപ്പള്ളി, സിറ്റി.
5. കെരിഗ്മ : ഷാജി അരീക്കത്തിൽ, മലപ്പുറം.

**ക്രിസ്റ്റീൻ പുനസംഘടന**

ക്രിസ്റ്റീൻ മിനിസ്ട്രിയുടെ പുന:സംഘടന നവംബർ 9 ശനിയാഴ്ച രാവിലെ 10am മുതൽ 3pm വരെ താമരശ്ശേരി അൽഫോൻസാ നഴ്സറി സ്കൂളിൽ (പഴയ ബസ് സ്റ്റാന്റിന് സമീപം) വച്ച് നടത്തുന്നതാണ്. എല്ലാ ഇടവകയിൽ നിന്നുമുള്ള ആനിമേറ്റേഴ്സ് ഈ മീറ്റിംഗിൽ പങ്കെടുക്കണമെന്ന് പ്രത്യേകമായി ഓർമിപ്പിക്കുന്നു.

ഓരോ ഇടവകയിൽ നിന്നും രണ്ട് മതാധ്യാപക പ്രതിനിധികൾ ക്രിസ്റ്റീൻ ആനിമേറ്റേഴ്സായി ഈ മീറ്റിംഗിൽ പങ്കെടുക്കുന്നുണ്ടെന്ന് ഹെഡ്മാസ്റ്റർമാർ ഉറപ്പ് വരുത്തുമല്ലോ

**ഫാ. ഡൊമിനിക് കുഴിവേലിൽ**
സോണൽ ആനിമേറ്റർ

# ജീസസ്സ്‌യൂത്ത്

## Waymaker

ഒക്ടോബർ 11, 5pm മുതൽ 13, 3pm വരെ കോഴിക്കോട് ഇരഞ്ഞിപ്പാലം നവജ്യോതിസ് റിന്യൂവൽ സെൻററിൽ വച്ച് +1, +2 കുട്ടികൾക്കായി ഒരു പ്രോഗ്രാം നടത്തി. 65ഓളം കുട്ടികളും 25ഓളം വൊളണ്ടിയർമാരും ഉണ്ടായിരുന്നു. കുമ്പസാരം, കൗൺസിലിങ്ങ്, മ്യൂസിക്ക് ബാൻറ്, തിയറ്റർ പെർഫോമെൻസ് എന്നിവയായിരുന്നു കുട്ടികൾക്കായി ഒരുക്കിയിരുന്നത്.

### ജാഗരണ പ്രാർത്ഥന

കാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഒക്ടോബർ 19ന് വൈകുന്നേരം 8 മുതൽ 20-ാം തീയതി രാവിലെ 6 വരെ മെഡിക്കൽ കോളേജ് പരിസരത്തുള്ള MCBS പ്രോവിൻഷ്യാൾ ഹൗസിൽ വച്ച് നടന്നു.

## Doctor's Prayer group

ഒക്ടോബർ 20, 4pm മുതൽ 6pm വരെ ഇരഞ്ഞിപ്പാലം നവജ്യോതിസിൽ വച്ച് സബ്റീജിയൺ തലത്തിൽ ഡോക്ടർമാരുടെ കൂട്ടായ്മ നടത്തി.

**ഫാ. ഡൊമിനിക് കുഴിവേലിൽ**
ഡയറക്ടർ, ജീസസ്സ്‌യൂത്ത്

# ബഥാനിയ ധ്യാനകേന്ദ്രം

ജപമാല രാഞ്ജിയുടെ മാസമായ ഒക്ടോബർ ബഥാനിയായെ സംബന്ധിച്ചിടത്തോളം അഖണ്ഡജപമാല സമാപിക്കുന്നതിന്റെ തിരക്കേറിയ ദിവസങ്ങളുടേതുകൂടിയാണ്. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി ബഹുമാനപ്പെട്ട വൈദികരുടേയും സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നതിനായി വരുന്ന വരെ എല്ലാ ദിവസവും തന്നെ കാണാമായി രുന്നു.

### അഖണ്ഡജപമാല സമർപ്പണം സമാപനം

2024 ജൂലൈ 18-ാം തിയ്യതി ആരംഭിച്ച അഖണ്ഡ ജപമാല സമർപ്പണവും ദിവ്യ കാരുണ്യ ആരാധനയും 101 ദിവസങ്ങൾ പൂർത്തിയാക്കി ഈ മാസം 26-ാം തിയ്യതി സമാപിച്ചു. 2424 മണിക്കൂറുകൾ നീണ്ടു നിന്ന ഈ പ്രാർത്ഥനാ

ശുശ്രൂഷയിൽ പതിനായിരക്കണക്കിന് ആളുകളാണ് പങ്കെടുത്തത്. ലോകസമാധാനം, കുടുംബവിശുദ്ധീകരണം എന്നീ നിയോഗങ്ങൾക്കായി സമർപ്പിക്കപ്പെട്ട ഈ പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുത്തവർ പരിശുദ്ധ അമ്മയുടെ മുമ്പിൽ തങ്ങളുടെ വ്യക്തിപരമായ നിയോഗങ്ങളും എഴുതി സമർപ്പിക്കുകയുണ്ടായി. നൂറുകണക്കിന് ആളുകളാണ് ഓരോ ദിവസവും പാപങ്ങൾ ഏറ്റു പറഞ്ഞ് കുമ്പസരിച്ച് കടന്നുപോയത്. എല്ലാ ദിവസവും രാവിലെ 7 മണി മുതൽ രാത്രി എട്ടുമണി വരെ കുമ്പസരിക്കാനുള്ള സൗകര്യം ഒരുക്കിയിരുന്നു. ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ ക്രമീകരി ച്ചിരുന്ന കൗൺസിലിംഗ് ശുശ്രൂഷയും അനേകർക്ക് അനുഗ്രഹമാ യിരുന്നു. അഖണ്ഡജപമാലയുടെ 101 ദിനങ്ങളിലും ബഥാനിയ ഒരു തീർത്ഥാടന കേന്ദ്രമായി മാറിയിരുന്നു.

### 100-ാം ദിന ശുശ്രൂഷകൾ

ഒക്ടോബർ 25-ാം തിയ്യതി വെള്ളിയാഴ്ച അഖണ്ഡജപമാല ശുശ്രൂഷയുടെ 100-ാം ദിനമായ അന്ന് ഏകദിന ശുശ്രൂഷയിൽ പങ്കെ ടുക്കുവാൻ ആയിരങ്ങളാണ് എത്തിച്ചേർന്നത്. അന്നു വൈകുന്നേരം നടന്ന കത്തിച്ച മെഴുകുതിരി യുമേന്തിയുള്ള ജപമാല റാലി കണ്ണിനും കാതിനും മനസ്സിനും കുളിർമ്മയേകുന്ന ശുശ്രൂഷയായിരുന്നു.

വൈകുന്നേരം 6.30ന് നിത്യാരാധനാ ചാപ്പലിന്റെ മുൻപിൽ നിന്നും പരിശുദ്ധ മാതാവിന്റെ തിരുസ്വരൂപവും എഴുന്നെള്ളിച്ചു കൊണ്ട് ആരംഭിച്ച ജപമാല റാലിയിൽ ദീപക്കാഴ്ചകളുമായി ആയിരങ്ങൾ അണി നിരന്നു. വിശാലമായ മൈതാനം ചുറ്റി ആവേമരിയാ ഹാളിൽ എത്തിച്ചേർന്ന ജനസമൂഹം കത്തിച്ച മെഴുകുതിരികളുയർത്തി പരിശുദ്ധ മാതാവിന് കീർത്തനമാലപിച്ചത് ആനന്ദകരവും ആസ്വാദ്യകരവുമായ കാഴ്ചയായിരുന്നു. തുടർന്ന് പുല്ലൂരാംപാറ ഇടവക വികാരി ബഹു. ഫാ. സെബാസ്റ്റ്യൻ പുരയിട ത്തിൽ അർപ്പിച്ച ദിവ്യബലിയിൽ ഭക്തിപൂർവ്വം വിശ്വാസി സമൂഹം പങ്കെടുത്തു.

### 101-ാം ദിനത്തിലെ സമാപന ശുശ്രൂഷകൾ

26-ാം തിയ്യതി ശനിയാഴ്ച രാവിലെ 3 മണിക്ക് സമാപന ശുശ്രൂഷകൾ ആരംഭിച്ചു. 11 മണിക്കൂർ നീണ്ടു നിന്ന സമാപന ശുശ്രൂ ഷയുടെ ആദ്യം കരുണക്കൊന്തയും കുരിശിന്റെ വഴി പ്രാർത്ഥന യുമായിരുന്നു. പത്തുമണിയോടെ ദിവ്യകാരുണ്യ ഈശോയേയും പരിശുദ്ധ മാതാവിന്റെ തിരുസ്വരൂപവും നിത്യാരാധന ചാപ്പലിൽ നിന്നും പ്രദക്ഷിണമായി ആവേമരിയ ഹാളിലേക്ക് എഴുന്നെള്ളിച്ചു കൊണ്ടു വന്ന് ആൾത്താരയിൽ പ്രതിഷ്ഠിക്കുകയുണ്ടായി. തുടർന്ന് സമാപന ജപമാലയ്ക്ക് ബഥാനിയ അസി. ഡയറക്ടർ ബഹു. ഫാ. നിധിൻ കരിന്തോളിൽ നേതൃത്വം നൽകി. 11 മണിക്ക് താമരശ്ശേരി രൂപതാ മെത്രാൻ

അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലി ആരംഭിച്ചു. നിത്യരക്ഷ ആഗ്രഹിക്കുന്നവർക്ക് പരിശുദ്ധ മറിയം ഒരു വഴികാട്ടിയും സംരക്ഷണ കവചവുമാണ് എന്ന് അഭിവന്ദ്യ പിതാവ് തന്റെ വചന സന്ദേശത്തിൽ വ്യക്തമാക്കുകയുണ്ടായി.

വിശുദ്ധ കുർബാനയെത്തുടർന്ന് നടന്ന ദിവ്യകാരുണ്യ ആരാധ നയ്ക്ക് ബഥാനിയ ഡയറക്ടർ ബഹു. ഫാ. സെബാസ്റ്റ്യൻ പുളിക്കൽ ആണ് നേതൃത്വം നൽകിയത്. ഏറ്റവും അവസാനമായിരുന്നു ദിവ്യകാ രുണ്യ പ്രദക്ഷിണം. ആവേ മരിയ ഹാളിലും പുറത്ത് ഒരുക്കിയ പന്തലിലും നിറഞ്ഞു നിന്ന ജനസമൂഹത്തിലേക്ക് അഭിവന്ദ്യ പിതാ വാണ് ദിവ്യകാരുണ്യ ഈശോയെ എഴുന്നെള്ളിച്ചു കൊണ്ടുവന്നത്. അനുഗ്രഹങ്ങൾ വാരി വിതറി കടന്നു വന്ന ഈശോയെ ഹല്ലേലുയ്യ വിളികളോടെയാണ് ഭക്തജനം സ്വീകരിച്ചത്. 101 ദിവസങ്ങളിലെ ദൈവാനുഗ്രഹപ്രദമായ അഖണ്ഡജപമാല ശുശ്രൂഷയ്ക്ക് തീർത്തും ഉചിതമായ സമാപനമായിരുന്നു അന്നേ ദിവസത്തെ എല്ലാ ശുശ്രൂ ഷകളും.

### ധ്യാനങ്ങൾ

ഈ മാസത്തെ ധ്യാനം 11-ാം തിയ്യതി മുതൽ 14-ാം തിയ്യതി വരെയായിരുന്നു. ഡെലിവറൻസ് ശുശ്രൂഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഒരുക്കപ്പെട്ട ഈ ധ്യാനത്തിൽ ഇരുന്നൂറോളം പേർ പങ്കെടുത്തു. ബഥാനിയായിലെ ധ്യാനത്തിൽ കുടുംബങ്ങൾ ഒരുമിച്ചു പങ്കെടുക്കുന്നു എന്നത് ഒരു പ്രത്യേകതയാണ്. വെള്ളിയാഴ്ച വൈകു ന്നേരം ആരംഭിച്ച ധ്യാനം തിങ്കളാഴ്ച ഉച്ചയോടെയാണ് സമാപിച്ചത്. ബഥാനിയ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പുളിക്കൽ അച്ചനാണ് ധ്യാനത്തിന് നേതൃത്വം നൽകിയത്.

### ഏകദിന കൺവെൻഷൻ

ഈ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും കൺവെൻഷ നുകൾ നടന്നു. അഖണ്ഡജപമാലയുടെ സമാപന ദിവസങ്ങളായതിനാൽ എല്ലാ വെള്ളിയാഴ്ചകളിലും ധാരാളം പേർ ശുശ്രൂഷയിൽ പങ്കെടുത്തു. അതിരാവിലെ വന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചതിനു ശേഷം കൺവെൻഷനിൽ പങ്കെടുക്കുന്ന ധാരാളം പേരെ കാണാമായി രുന്നു. 14-ാം തിയ്യതി ആദ്യ വെള്ളിയാഴ്ച ആവേ മരിയ ഹാളിൽ നടന്ന ശുശ്രൂഷയിൽ ആയിരങ്ങളാണ് പങ്കെടുത്തത്. ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിലാണ് അന്നേ ദിവസത്തെ ദിവ്യകാരുണ്യ പ്രദക്ഷിണം നടന്നത്.

രാവിലെ 9 മണിക്ക് ആരംഭിച്ച വെള്ളിയാഴ്ച ശുശ്രൂഷകളിൽ കുരിശിന്റെ വഴി ജപമാല ദിവ്യകാരുണ്യ ആരാധന. സൗഖ്യശുശ്രൂഷ, ഡെലിവറൻസ് ശുശ്രൂഷ, വി. കുർബ്ബാന, വചന സന്ദേശം, വിശുദ്ധ കുമ്പസാരം, സ്പിരിച്വൽ ഷെയറിംഗ് തുടങ്ങിയവ ഒരുക്കിയിരുന്നു.

### വി. കുമ്പസാരം

അഖണ്ഡജപമാലയോടനുബന്ധിച്ച് എല്ലാ ദിവസവും വി. കുമ്പ സാരത്തിന് സൗകര്യമുണ്ടായിരുന്നു. ഓരോ ദിവസവും നൂറുകണ ക്കിന് ആളുകളാണ് കുമ്പസരിച്ചത്.

### സ്പിരിച്വൽ ഷെയറിംങ്ങ്

അഖണ്ഡജപമാലയുടെ ഭാഗമായി ഞായർ ഒഴികെ എല്ലാ ദിവസവും സ്പിരിച്വൽ ഷെയറിംങ്ങ് ഒരുക്കിയിരുന്നു. ജീവിതത്തിന്റെ പ്രതിസന്ധി കളിൽപ്പെട്ട് പ്രയാസപ്പെടുന്ന അനേകർക്ക് ഈ ശുശ്രൂഷ അനുഗ്രഹപ്രദമാണ്. ദൈവഹിതം തിരിച്ചറിഞ്ഞ് ജീവിതത്തെ ക്രമീകരിക്കുവാൻ അനേകർക്ക് ശുശ്രൂഷയിലൂടെ സാധിക്കുന്നു. രാവിലെ 9 മണി മുതൽ വൈകുന്നേരം 4.30 വരെ തുടർന്ന ഈ ശുശ്രൂഷ നയിച്ചത് ബഹുമാനപ്പെട്ട സിസ്റ്റേഴ്സും ആത്മായരുമടങ്ങുന്ന പ്രത്യേക ടീമാണ്.

### മദ്ധ്യസ്ഥ പ്രാർത്ഥന

ഈ മാസവും എല്ലാ ദിവസവും ബഥാനിയായിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടന്നു. വിവിധങ്ങളായ നിയോഗങ്ങൾക്കു വേണ്ടി പ്രാർ ത്ഥിക്കുന്ന മദ്ധ്യസ്ഥ പ്രാർത്ഥനാ ടീം ബഥാനിയായിൽ ഉണ്ട്. ഈ ടീമംഗങ്ങളുടെ ശക്തമായ പ്രാർത്ഥനയാണ് എല്ലാ ശുശ്രൂഷകളുടെ യും അഭിഷേകത്തിന് കാരണം.

### നവംബർ മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 01 ആദ്യവെള്ളി | : | ഏകദിന കൺവെൻഷൻ |
| 08 വെള്ളി | : | ഏകദിന കൺവെൻഷൻ |
| 15 വെള്ളി | : | ഏകദിന കൺവെൻഷൻ |
| 22 വെള്ളി | : | ഏകദിന കൺവെൻഷൻ |
| | : | ജീവിത വിശുദ്ധീകരണ ധ്യാനം (22-25) |
| 29 വെള്ളി | : | ഏകദിന കൺവെൻഷൻ |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# ലീഡർഷിപ്പ് ഡെവലപ്പ്മെന്റ് സൊസൈറ്റി

**വിദേശജോലി സാധ്യതകളെക്കുറിച്ച് സെമിനാർ നടത്തി**

LDS ടീമിന്റെ നേതൃത്വത്തിൽ മൈസൂരിലെ സിഗ്മ, മദർ തെരേസ മംഗലാപുരത്തെ മംഗള, തേജസ്വനി, ഇന്ദിര നഴ്സിംഗ് കോളേജുകളിലാണ് സെമിനാറുകൾ സംഘടിപ്പിച്ചത്.

**അഡ്മിഷൻ സെൽ**

LDS ന്റെ നേതൃത്വത്തിൽ കേരളത്തിന് പുറത്തെ കോളേജുകളിൽ അഡ്മിഷൻ എടുത്ത 41 വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ ആരംഭിച്ചു. 150 ഓളം വിദ്യാർത്ഥികളുടെ അഡ്മിഷൻ പ്രോസസ് നടന്നു കൊണ്ടിരിക്കുന്നു.

അഡ്മിഷൻ എടുത്ത വിദ്യാർഥികൾക്കും മാതാപിതാക്കൾക്കുമായി LDS ഓഫീസിൽവെച്ച് ഓറിയന്റേഷൻ സെമിനാർ സംഘടിപ്പിച്ചു.

ട്രെയിനിങ്ങ് പ്രോഗ്രാം ജീവിതത്തിൽ കുതിച്ചുയരാൻ വിദ്യാർത്ഥികളെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെ ഹയർ സെക്കണ്ടറി വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന സ്പ്രിംഗ് ബോർഡ് പ്രോഗ്രാം കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലെ 70 ഓളം സ്കൂളുകളിൽ പൂർത്തിയായി.

ചെമ്പനോട റയ്മണ്ട്, പെരിന്തൽമണ്ണ പ്രസന്റേഷൻ സ്കൂളുകളിൽ സ്പ്രിംഗ് അപ് ട്രെയിനിങ്ങ് നടത്തി.

പെരുവണ്ണാമൂഴി ഫാത്തിമ സ്കൂളിൽ മാതാപിതാക്കൾക്ക് സെമിനാർ നടത്തി. മരുതോങ്കര മേഖലയയിലെ KCYM അംഗങ്ങൾക്ക് സംഘടിപ്പിച്ച UNITA പ്രോഗ്രാമിൽ വിവിധ സെക്ഷനുകൾ നയിച്ചു. ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, ട്രെയിനർമാരായ മാത്യു മേൽവെട്ടം, വിൽസൺ ചിറ്റാട്ടുവടക്കേൽ, സന്ദീപ് കളപ്പുരക്കൽ, ആൽബിൻ സഖറിയാസ് എന്നിവർ നേതൃത്വം നൽകി.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി

# വികസന വേദി

## ഗ്രാമവികസ സമിതിനേതൃസംഗമം

താമരശ്ശേരി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സിഒഡിയുടെ നേതൃത്വത്തിലുള്ള ഗ്രാമ വികസന സമിതികൾ വിവിധ പഞ്ചായത്തുകളിൽ ഒക്ടോബർ 5 മുതൽ 9 വരെ നേതൃസംഗമം സംഘടിപ്പിച്ചു. പുതുപ്പാടി, കോടഞ്ചേരി, കൂരാച്ചുണ്ട്, ഊർങ്ങാട്ടിരി, മരുതോങ്കര, ചക്കിട്ടപ്പാറ, അങ്ങാടിപ്പുറം, മാലാപറമ്പ്, തിരുവമ്പാടി, വിലങ്ങാട് പഞ്ചായത്തുകളിലാണ് സംഗമം നടന്നത്. പഞ്ചായത്തു പ്രസിഡന്റുമാർ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഏഢട പ്രസിഡന്റുമാർ അധ്യക്ഷത വഹിച്ചു. മുഖ്യാതിഥികളായി ഇടവക വികാരിമാർ പങ്കെടുത്തു. വാർഡ് മെമ്പർമാർ ആശംസയർപ്പിച്ച് സംസാരിച്ചു. സിഒഡി ഏരിയ കോർഡിനേറ്റർമാർ സ്വാഗതവും GVS സെക്രട്ടറിമാർ നന്ദിയും പറഞ്ഞു. വിവിധ സെഷനുകൾക്ക് ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, പ്രോഗ്രാം കോർഡിനേറ്റർ കെസി ജോയി, പ്രൊജക്റ്റ് ഓഫീസർ സിദ്ധാർഥ് എസ് നാഥ് എന്നിവർ നേതൃത്വം നൽകി.

## SHG- JLG രൂപീകരണം

സിഒഡിയുടെ നേതൃത്വത്തിൽ ഇടവക പഞ്ചായത്തുതലങ്ങളിൽ സ്വയം സഹായ സംഘങ്ങളും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പും രൂപീകരിക്കരിക്കുന്ന പ്രവർത്തനം ഭംഗിയായി നടക്കുന്നു. കനറാ ബാങ്കുമായി സഹകരിച്ച് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കുവേണ്ടി കാർഷിക വായ്പ ക്യാമ്പ് സംഘടിപ്പിച്ചു. കനറാ ബാങ്ക് F-C-H-, COD സ്റ്റാഫ് മെമ്പേഴ്സ്, പ്രോഗ്രാം കോർഡിനേറ്റർ എന്നിവർ നേതൃത്വം നല്കി. പുതുപ്പാടി, പുല്ലൂരാംപാറ എന്നിവിടങ്ങളിലായി 45 ജെഎൽജികൾക്ക് കാർഷിക വായ്പ വിതരണം നടത്തി.

## വിലങ്ങാടിന് കൈത്താങ്ങ്

സിഒഡി, കാത്തലിക് റിലീഫ് സർവീസസിന്റെ (CRS) സഹായത്തോടെ വിലങ്ങാട് ഉരുൾപൊട്ടൽ ദുരിതബാധിതരായ 100 പേർക്ക് കിറ്റ് നല്കി. 42 പേർക്ക് 7000 രൂപ വീതം സാമ്പത്തിക സഹായവും നല്കി. ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര ഉദ്ഘാടനം ചെയ്തു. മഞ്ഞക്കുന്ന് ഇടവക വികാരി ഫാ. ടിൻസ് മറ്റപ്പള്ളിൽ, പ്രോഗ്രാംകോർഡിനേറ്റർ കെസി ജോയി, പ്രൊജക്റ്റ് ഓഫീസർ സിദ്ധാർഥ് എസ് നാഥ്, ഏരിയ കോർഡിനേറ്റർ ഉഷ ജോണി എന്നിവർ പങ്കെടുത്തു.

## ലീഡേഴ്സ് മീറ്റിംഗ്

സിഒഡിയുടെ 35-ാമത് വാർഷികാഘോഷം സ്വാഗതസംഘം രൂപീകരണ

ത്തിന്റെ ഭാഗമായി ഗ്രാമവികസന സമിതി അംഗങ്ങൾ, ഏരിയ കോർഡിനേറ്റർമാർ, സ്റ്റാഫ് അംഗങ്ങൾ എന്നിവരുടെ യോഗം അൽഫോൻസ ഹാളിൽ നടത്തി. രൂപത ചാൻസലർ ഫാ. സുബിൻ കവളക്കാട്ട് ഉദ്ഘാടനം നിർവഹിച്ചു. ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര അധ്യക്ഷത വഹിച്ചു. കെസി ജോയി, സന്ദീപ് കളപ്പുരക്കൽ, സിദ്ധാർഥ് എസ് നാഥ് എന്നിവർ സംസാരിച്ചു.

**ഗാന്ധി ജയന്തി ദിനത്തിൽ ശുചീകരണം നടത്തി**

ഗാന്ധി ജയന്തി ദിനത്തിൽ വിവിധ ഗ്രാമവികസന സമിതികളുടെ നേതൃത്വത്തിൽ പൊതുസ്ഥാപനങ്ങൾ, സ്കൂൾ, അംഗൻവാടികൾ, പൊതുവഴികൾഎന്നിവിടങ്ങളിൽ ശുചീകരണം നടത്തി.

## IFAE

ഓഗസ്റ്റ് 10 തീയതി ആരംഭിച്ച IFAEയുടെ പിജി ഡിപ്ലോമ ഇൻ ന്യൂട്രീഷൻ ആൻഡ് ഡയറ്റ് സയൻസ് കോഴ്സ് മികച്ച രീതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

ഗാന്ധിജയന്തിയോട് അനുബന്ധിച്ച് ഗ്രാമവികസന സമിതികളുടെ ആഭിമുഖ്യത്തിൽ നടന്ന നേതൃസംഗമത്തിൽ IFAE ടീം ന്യൂട്രീഷൻ ക്ലാസുകൾ നയിച്ചു.

പുതുപ്പാടി, കൂരാച്ചുണ്ട്, കൊടിയത്തൂർ, മരുതോങ്കര, ചക്കിട്ടപാറ, അങ്ങാടിപ്പുറം, മാലാപറമ്പ്, കോടഞ്ചേരി, തിരുവമ്പാടി, വിലങ്ങാട് തുടങ്ങിയ 10 പഞ്ചായത്തുകളിലാണ് ക്ലാസുകൾ നടന്നത്. 10 സ്ഥലങ്ങളിലും പഞ്ചായത്ത് പ്രസിഡന്റുമാർ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഇടവക വികാരിമാർ മുഖ്യാതിഥികൾ ആയിരുന്നു. ഡയറക്ടർ ഫാ. സായി പാൻകുളങ്ങര, പ്രോഗ്രാം കോർഡിനേറ്റർ കെ.സിജോയി, പ്രൊജക്റ്റ് ഓഫീസർ സിദ്ധാർഥ് എസ് നാഥ് എന്നിവർ ക്ലാസുകൾ നയിച്ചു.

## ടാഫ്കോസ്

സാമൂഹ്യ പ്രതിബദ്ധതയുടെയും ജനക്ഷേമത്തിന്റെയും സാമ്പത്തിക ഭദ്രതയുടെയും ഭാഗമായി പ്രവർത്തിക്കുന്ന താമരശേരി അഗ്രികൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റിവ് സൊസൈറ്റി (TAFCOS) താമരശ്ശേരി അൽഫോൻസാ ആർക്കേഡ് ബിൽഡിംഗിൽ (ചാവറ ഹോസ്പിറ്റിലിനു സമീപം) പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. വിവിധ വായ്പകൾ, നിക്ഷേപ പദ്ധതികൾ, ഗ്രൂപ്പ് നിക്ഷേപങ്ങൾ (ചിട്ടി), ഗോൾഡ് ലോൺ, സേഫ് ലോക്കർ, NEFT, RTGS, IMPS, മൊബൈൽ ബാങ്കിംഗ്, ലൈഫ് ഹെൽത്ത് വെഹിക്കിൾ ഇൻഷുറൻസ് കമ്പനികളുടെ കോർപ്പറേറ്റ് എജൻസി തുടങ്ങിയ സേവനങ്ങൾ ലഭ്യമാണ്. ഫോൺ: 62829 14112.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി

# യേശുനിധി

2024 സെപ്റ്റംബർ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ ഇടവകയും താഴെ ചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Karuvarakundu | 15,000.00 |
| 2 | Karuvarakundu | 15,000.00 |
| 3 | Kodanchery | 10,000.00 |
| 4 | Malappuram | 12,000.00 |
| 5 | Manjakunnu | 15,000.00 |
| 6 | Manjakunnu | 15,000.00 |
| 7 | Manjeri | 10,000.00 |
| 8 | Mariapuram | 8,000.00 |
| 9 | Maruthomkara | 15,000.00 |
| 10 | Padathukadave | 15,000.00 |
| 11 | Pandalloor | 10,000.00 |
| 12 | Perinthalmanna | 10,000.00 |
| 13 | Vaniambalam | 15,000.00 |

**Home**

| | | |
|---|---|---|
| 14 | Kakkavayal | 10,000.00 |
| 15 | Kulathuvayal | 15,000.00 |
| 16 | Valiyakolly | 15,000.00 |
| 17 | Vettilappara | 15,000.00 |

**Marriage**

| | | |
|---|---|---|
| 18 | Poothampara | 20,000.00 |
| 19 | Thamarassery | 10,000.00 |

**Medical**

| | | |
|---|---|---|
| 20 | Adackakundu | 15,000.00 |
| 21 | Chippilithode | 10,000.00 |
| 22 | Kakkavayal | 10,000.00 |
| 23 | Kannoth | 15,000.00 |
| 24 | Kariyathumpara | 10,000.00 |
| 25 | Kuppayakode | 10,000.00 |
| 26 | Mailellampara | 8,000.00 |
| 27 | Manjakunnu | 10,000.00 |
| 28 | Manjakunnu | 10,000.00 |
| 29 | Mankada | 10,000.00 |
| 30 | Mukkam | 10,000.00 |
| 31 | Nenmeni | 8,000.00 |
| 32 | Oorakam | 15,000.00 |
| 33 | Panamplave | 7,500.00 |
| 34 | Perambra | 10,000.00 |
| 35 | Pushpagiri | 15,000.00 |
| 36 | Thamarassery | 10,000.00 |
| 37 | Thamarassery | 10,000.00 |
| 38 | Thottumukkam | 10,000.00 |
| 39 | Valiyakolly | 10,000.00 |
| 40 | Vayalada | 10,000.00 |
| 41 | Vilangad | 10,000.00 |

**Miscellaneous**

| | | |
|---|---|---|
| 42 | Adackakundu | 10,000.00 |
| 43 | Kulathuvayal | 10,000.00 |
| 44 | Pallorkkothu | 10,000.00 |
| | **Total** | **5,13,500.00** |

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ



# Pope Francis

## Enciclical

## *DILEXIT NOS* n. 84-85



The promotion of Eucharistic communion on the first Friday of each month, for example, sent a powerful message at a time when many people had stopped receiving communion because they were no longer confident of God's mercy and forgiveness and regarded communion as a kind of reward for the perfect. In the context of Jansenism, the spread of this practice proved immensely beneficial, since it led to a clearer realization that in the Eucharist the merciful and ever-present love of the heart of Christ invites us to union with him. It can also be said that this practice can prove similarly beneficial in our own time, for a different reason. Amid the frenetic pace of today's world and our obsession with free time, consumption and diversion, cell phones and social media, we forget to nourish our lives with the strength of the Eucharist. "While no one should feel obliged to spend an hour in adoration each Thursday, the practice ought surely to be recommended. When we carry it out with devotion, in union with many of our brothers and sisters and discover in the Eucharist the immense love of the heart of Christ, we "adore, together with the Church, the sign and manifestation of the divine love that went so far as to love, through the heart of the incarnate Word, the human race".

# THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 30-10-2024 |




# ജയ് ജയ് ക്രിസ്തുരാജൻ


Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 26, issue 11, November 2024, Pages 68.